GST is a value added tax levied on Manufacture, sale and consumption of goods and services. GST offers a comprehensive and continuous chain of tax credits from the products point/service providers point up to the retailers level/consumers level thereby taxing only the value added at each stage of supply chain.

Under GST every person is liable to pay tax on his output and is entitled to get input tax credit (ITC) on tax paid on its inputs, input services and capital goods. Therefore, it is a tax on the value addition only. Ultimately the final consumer shall bear the burden of tax under GST.

Understand from following example:

| Manufacturer | Distributor | Retailer | Consumer |
|---|---|---|---|
| Value 1,00,000<br>GST @ 18%= 18,000 | Cost<br>1,00,000<br>Profit<br>11,200<br>Sale 1,11,200<br>GST @ 18% = 20,016 | Cost 1,11,200<br>Profit 24,640<br>Sale 1,35,840<br>GST@ 18% =24,451.20 | Cost 16,0291.20<br>(1,35,840+24,451.20) |
| Input Tax Credit= NIL | Input Tax Credit= Rs.18,000 | Input Tax Credit= Rs. 20,016 | Input Tax Credit= NIL |
| Paid to Government GST = 18,000 | Paid to Government GST = 2,016 (Output tax – Input tax) | Paid to Government GST= 4,435.20 (Output tax – Input tax) | Tax Borne by the Consumer 18,000+2016+4,435 .20= Rs. 24,451.20 |
| Value Addition = 1,00,000 GST @ 18% = 18,000 | Value Addition= 11,200 GST @ 18%= 2,016 | Value Addition= 24,640 GST @ 18%= 4,435.20 | Value Addition= NIL |

Dual GST

India has adopted a Dual GST Model in view of the federal structure of the country .In India both Centre and State have been assigned the powers to levy and collect taxes through appropriate legislation. GST in India comprises of Central Goods and Service Tax(CGST)-levied and collected by central government, State Goods and Service Tax(SGST)-levied and collected by state government and union territories with state legislatures and Union Territory Goods and Service Tax (UTGST)-levied and collected by Union territories without state legislatures, on intra state supply of goods and services.Inter state supply of goods and services are subject to Integrated Goods and Service Tax(IGST).It is the sum total of CGST and SGST.

GST Structure

| Transactions | Tax structure |
|---|---|
| Supply of goods within a state | SGST + CGST |
| Inter State Supply of Goods | IGST |
| Supply of Service with in State | SGST + CGST |
| Supply of Service in the course of Interstate trade or commerce | IGST |
| Import of Goods | BCD +IGST |
| Import of Service | IGST |
| Export of Goods | No Tax |
| Export of Service | No Tax |

Input Tax Credit (ITC) of CGST and SGST/.UTGST is available throughout the supply chain, but cross utilization of credit of SCGST/UTGST and CGST is not possible. Therefore CGST credit cannot be utilized for payment of SGST/UTGST and SGST/UTGST payment cannot be utilized for the payment of CGST .However cross utilization is allowed between CGST/SGST/UTGST and IGST.Credit of IGST can be utilized for payment of CGST/SGST/UTGST and vice versa.

SinceGSTis a destination based consumption tax, revenue of SGST ordinarily accrues to the consuming States. The inter-State supplier in the exporting State is allowed to set off the available credit of IGST, CGST and SGST/UTGST (in that order) against the IGST payable on inter-State supply made by him.The buyer in the importing State is allowed to avail the credit of IGST paid on inter-State purchase made by him. Thus, unlike the earlier scenario where the credit chain used to break in case of inter-State sales on account of non-VATable CST, under GST regime there is a seamless credit flow in case of inter-State supplies too.The revenue of inter-State sale does not accrue to the exporting State and the exporting State transfers to the Centre the credit of SGST/UTGST used in payment of IGST.

The Centre transfers to the importing State the credit of IGST used in payment of SGST/UTGST. Thus, the inter- State trade of goods and services (IGST) needed a robust settlement mechanism amongst the States and the Centre.

GST Rates

Under GST following rates have been prescribed for goods and services

| | |
|---|---|
| 1 | NIL rated |
| 2 | 0.25% |
| 3 | 3% |
| 4 | 5% |
| 5 | 12% |
| 6 | 18% |
| 7 | 28% |

Under the Composition scheme, applicable to taxable persons having turnover up to Rs. 1 crore, following rates have been prescribed:

| | |
|---|---|
| 1% | Traders |
| 1% | Manufacturers |
| 5% | Persons engaged in supply of food and beverages |

In the GST regime, taxes to be paid for any intra-state supply are the Central GST (CGST) which forms part of the Central Government treasury and the State GST (SGST) which forms part of the State Government treasury. Integrated GST (IGST) which is paid for any inter- State supply is distributed among both the Central and the State Governments. Apart from the above, Tax deducted at source (TDS) and Tax collected at source (TCS), any other payments like interests, penalty, fees etc. are also required to be paid to the Government.

**Reverse Charge**

Reverse charge means the liability to pay tax by the recipient of supply of goods or services or both instead of the supplier of such goods or services or both. Section 9(3) of CGST Act and Section 5(3) of the IGST Act deals with certain supplies of goods and services as notified by the government and on which tax under reverse charge will be payable.

Section 9(4) of CGST Act and section 5(4) of IGST Act deals with receipt of supply by a registered person from unregistered person and in that case registered person is liable to pay tax under reverse charge.

**Registration**

Every supplier of goods and/ or services is required to obtain registration in the State/UT from where he makes the taxable supply if his aggregate turnover exceeds Rs.40 lakh during a FY.

However, the limit of Rs.40 lakh will be reduced to Rs.10 lakh if the person is carrying out business in the Special Category States except Jammu and Kashmir.

A person who is not liable to be registered can also make an application for being registered voluntarily and can thereby acquire the status of taxable person.

**Composition scheme**

A taxpayer whose turnover is below Rs 1.50 crore* can opt for Composition Scheme. Turnover of all businesses registered with the same PAN should be taken into consideration to calculate turnover. Service Providers can opt into the Composition Tax Scheme, and the Government has set the threshold turnover for service providers at Rs. 50 lakhs to be eligible for this scheme. No Input Tax Credit can be claimed by a dealer opting for composition scheme. The taxpayer has to pay tax at normal rates for transactions under the Reverse Charge Mechanism. GST Payment has to be made out of pocket for the supplies made. The taxpayer has to mention the words 'composition taxable person' on every notice or signboard displayed prominently at their place of business. The taxpayer has to mention the words 'composition taxable person' on every bill of supply issued by him.

**Composition scheme-Applicable GST rates**

| **Type of Business** | CGST | SGST | Total |
|---|---|---|---|
| • Traders | 0.5% | 0.5% | 1.0% |
| • Manufacturers | 0.5% | 0.5% | 1.0% |
| • Person engaged in making supplies referred to in clause (b) of paragraph 6 of Schedule II (Restaurants) | 2.5% | 2.5% | 5% |

**Classification of goods-HSN coding**

HSN (Harmonised System of Nomenclature) code is used for classifying the goods under the GST. HSN standardizes the classification of merchandise under sections, chapters, headings, and subheadings. Under GST, the majority of dealers will need to adopt two-, four-, or eight-digit HSN codes for their commodities, depending on their turnover the year prior. HSN has 21 sections, 99 chapter, 1,244 headings, and 5,224 subheadings. Sections and chapters are arranged in order of a product's degree of manufacture or in terms of its technological complexity. Natural products like animals and vegetables appear in the earlier sections; man-made or technologically advanced products like machinery appear later.

**Exemptions**

UnderGST, essential goods/services,i.e.public consumption goods/services, have been exempted. Itemssuch as unbranded atta/maida/besan, unpackedfood grain, milk, eggs, curd, lassi, and fresh vegetables are among the items exempted from GST.Further essential services like health care services, education services etc have also been exempted.

**Compensation cess**

A GST Compensation Cess at specified rate has been imposed under the Goods and Services Tax on the specified luxury items or demerit goods, like pan masala, tobacco, aerated waters, motor cars etc., computed on value of taxable supply. Compensation cess is leviable on intra-State supplies and inter-State supplies with a view to provide for compensation to the States for the loss of revenue arising on account of implementation of the GST.

**Returns filing**

Every registered person is required to file a return. A registered person has to file returns either on monthly or quarterly basis. An Input Service Distributor (ISD) has to file monthly returns showing details of credit distributed during a particular month. A person required to deduct tax (TDS) and a person required to collect tax (TCS) has to file monthly returns showing the amount deducted/collected. A non-resident taxable person has to file returns for the period of activity in India.A Common Portal was needed which could act as a clearing house and verify the claims and inform the respective Governments to transfer the funds. This was possible only with the help of a strong IT Infrastructure.

Resultantly, Common GST Electronic Portal – www.gst.gov.in – a website managed by Goods and Services Network (GSTN) [a company incorporated under the provisions of section 8 of the Companies Act, 2013] has been set by the Government to establish a uniform interface for the tax payer and a common and shared IT infrastructure between the Centre and States. The GST portal is accessible over Internet (by taxpayers and their CAs/Tax Advocates etc.) and Intranet by Tax Officials etc. The portal is one single common portal for all GST related services.

## CONCLUSION

A common GST system provides linkage to all State/ UT Commercial Tax Departments, Central Tax authorities, Taxpayers, Banks and other stakeholders. The ecosystem consists of all stakeholders starting from taxpayer to tax professional to tax officials to GST portal to Banks to accounting authorities. Primarily, GSTN provides

three front end services to the taxpayers namely registration, payment and return through GST Common Portal.

## BIBLIOGRAPHY

1. Indirect Tax Material for CA Final students issued by The Institute of Chartered Accountants of India.
2. Background material on GST Law for Commerce students issued by The ICAI
3. Website of Central Board of Indirect taxes and Customs.

About the Author

**Bhagyasree R**
Asst. Professor (Guest)
Sree Sabareesa College
Mundakayam
Kottayam

BASELIUS RESEARCHER
Journal of Interdisciplinary Studies and Research
Baselius College, Kottayam, Kerala, India.

ISSN No: 0975-8658
Vol. No. XIX No.2
July - December 2018

# Phenomenology of Personal Freedom: Analysis of Indian Constitution Giving Special Reference to Recent Developments

**Vishnu N.**

## ABSTRACT

Freedom is one of the important social needs of human beings. Denial of freedom is considered as the hardest punishment. The researcher intents to have a phenomenological reading of recent developments in defining articles in Indian constitution with an eye on the feeling of personal freedom. In other words this study tries to analyse recent developments inhuman rightsmanagement and Supreme Court's references to human rights issues.

## INTRODUCTION

The proposed research attempts to analyze recent developments in defining constitutional freedom with the help of theoretically sounded Phenomenological research methods with an argument that feeling of freedom is a 'phenomenon' and it changes from person to person.

The rights conferred in Article 19 of the Indian constitution are the rights of free man, it states " *all citizens shall have the right (a) to freedom of speech and expression (b) to assemble peacefully and without arms; (c) to form associations or unions; (d) to move freely throughout the territory of India and (g) to practice and profession, or to carry on any occupation, trade or business*". If we analyze these six freedoms, we can find that drafting commit-

tee of our constitution has created them giving a holistic approach to human life. As we know, our constitution never utters the term 'individual freedom', which is essentially the basics of the concept 'freedom'. Supreme court, the sole agency got power to analyze, interpret and define articles of Indian constitution has introduced a term, 'allied rights' in the judgments of Aadhar case and transgender case. Here we have to understand how Supreme Court defines personal liberties and how our society receives those definitions.

Freedom is one of the important social needs of human beings. Denial of freedom is considered as the hardest punishment. Definition of freedom changes from person to person. So a general description of freedom is not possible. Almost all the descriptions given on the topic hasn't considered freedom as an individual entity. Here the researcher understands the importance of considering freedom as a true 'phenomena'. Many researchers have demonstrated the political aspects of freedom, but none of them tried their ability in considering element of freedom in a phenomenological viewpoint. So the researcher intents to have a phenomenological reading of recent developments indefining articles in Indian constitution with an eye on the feeling of personal freedom.

**Objectives of the Study**

- To identify the way in which constitution of India analyses and defines personal liberty and individual freedom.
- To get a clear view of individual freedom as a socio-politicalphenomenon.

**Methodology of the Study**

Novice researchers are often overwhelmed by the plethora of research methodologies, making the selection of an appropriate research design for a particular study difficult. The researcher needs a grasp of a vast range of research methodologies in order to select the most appropriate design, or combination of designs, most suitable for a particular study. Needing a suitable explorative research design that would prevent researcher's own biases, here we select phenomenological research methods. In its broader sense 'phenomenology' refers to a person's perception of the meaning of an event, as opposed to the event as it exists externally to (outside of) that person. A phenomenological research is a study that attempts to understand people's perceptions, perspectives and understandings of a particular situation (or phenomenon). In other words, a phenomenological research study tries to answer the question' what is it like to experience such and such?' By looking at multiple perspectives of the same situation, a researcher can start to make some generalizations of what something is like as an experience from the 'insider's' perspective.The challenge for the researcher is nothing but to apply aforesaid research method in an extremely individualized emotion, 'freedom'; which is purely a qualitative data. Thus the researcher intents to have a phenomenological reading of recent developments in defining personal liberty and individual freedom under constitution of India.

**Findings**

- Indian Constitution has included much articles in support of individual freedom.
- In recent times Supreme Court his given much importance to individual freedom.

- Judges of Supreme court has decided many cases by interpreting Articles from a human rights viewpoint.
- Thus we have seen a positive trend in interpreting law by giving importance to

**BIBLIOGRAPHY**

Bakshi,P.M, *The Constitution of India*, Gurgaon: Lexis Nexis, 2017.

Hamrick, William S, *Phenomenology in Practice and Theory,*Dordrecht :MartinusNijhoff Publishers, 1985.

Reeder, Harry.P, *The Theory and Practice of Husserl's Phenomenology*, London: Zeta Books, 2010.

Smith, Jonathan A, *Interpretive Phenomenological Analysis: Theory, Method and Research,* London: Sage Publications, 2009.

About the Author

**Vishnu N**
Research Scholar
Department of English
Baselius College, Kottayam

**BASELIUS RESEARCHER**
**Journal of Interdisciplinary Studies and Research**
**Baselius College, Kottayam, Kerala, India.**

**ISSN No: 0975-8658**
**Vol. No. XIX No.2**
**July - December 2018**

# അഞ്ഞൂറ്റിക്കാരുടെ ഗാനകലകൾ

**നിർമ്മല പി. ആർ.**

കേരളത്തിലെ ന്യൂനപക്ഷസമുദായങ്ങളിൽ ഏറെ പ്രാമുഖ്യമുള്ള വിഭാഗമാണ് ലത്തീൻകത്തോലിക്കർ. തുറമുഖസംസ്കാരത്തിന്റെയും വൈദേശികബന്ധത്തിന്റെയും സ്വാധീനം മൂലം മതവിശ്വാസം,ആചാരാനുഷ്ഠാനങ്ങൾ, ജീവിതശൈലി, കലാരൂപങ്ങൾ മുതലായവയിൽ ഇവർ സവിശേഷസാംസ്കാരിക മുദ്രയുള്ളവരായി തീർന്നു. ലത്തീൻ കത്തോലിക്കരിൽ തന്നെ അഞ്ഞൂറ്റിക്കാർ, എഴുനൂറ്റിക്കാർ എന്നീ ഉപവിഭാഗങ്ങളുണ്ട്. അഞ്ഞൂറ്റിക്കാരധികവും മത്സ്യതൊഴിലാളികളാണ്.ലത്തീൻ കത്തോലിക്കരിലും മത്സ്യത്തൊഴിലാളികൾക്കിടയിലും പ്രചാരത്തിലുള്ള ഗാനകലകളെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഏതു ജനതയുടെയും ഭാഷാസാഹിത്യങ്ങളുടെ പ്രാഗ്‌രൂപം നാടൻപാട്ടുകളിലും മിത്തുകളിലുമാണ് അടങ്ങിയിരിക്കുന്നത്. ഇത്തരം വാമൊഴി വഴക്കങ്ങൾ ലത്തീൻ കത്തോലിക്കർക്കും അവകാശപ്പെട്ടതാണ്. കടലാസും അച്ചടിയും പ്രചരിക്കാതിരുന്ന കാലത്ത് സാർവ്വത്രികമായും പിൽക്കാലത്ത് ഗ്രാമഹൃദയങ്ങളിൽ പ്രധാനസംഭവങ്ങളെല്ലാം പ്രചരിച്ചിരുന്നത് നാടൻപാട്ടുകളിലൂടെയാണ്. തമിഴ് ചുവയുള്ള അണ്ണാവിപ്പാട്ടുകൾ, ദേവാസ്ത് വിളി, മത്സ്യത്തൊഴിലാളികൾ പാടിപ്പകർന്ന ആമ്പകൾ തുടങ്ങിയവയുടെ കാലം നിർണ്ണയിക്കാനാവില്ലായെങ്കിലും അതിപ്രാചീനമായ ഒരു ഗാനപാരമ്പര്യത്തിന്റെ പിൻ തുടർച്ചയായി ഈ സാമുദായികഗാനകലകളെ നമുക്ക് കണ്ടെടുക്കാം.

ലത്തീൻ സമുദായത്തിന്റെ ഉത്ഭവകാലത്ത് മതാത്മകമായ ഒരു കാവ്യപാരമ്പര്യ ത്തിന്റെ പിൻതുടർച്ചയായാണ് ഈ ഗാനകലകൾ അവതരിപ്പിച്ചത്. മതവുമായും തൊഴിലുമായും ബന്ധപ്പെട്ടതും ജീവിതശൈലിയിലൂടെ ആധിപത്യം ഉറപ്പിച്ചതുമായ ധാരാളം ശൈലികളും പദങ്ങളും ഇവിടെ സുലഭമാണ്.

മരകോട്, ക്രാസി, തൊട്ടിയോല, തിരുവട്ട്, കൊത, കൊതപ്പിക്കൽ, പതിരിഞ്ഞമ്മ, പതിരിഞ്ഞപ്പൻ, തിരുകോട് തുടങ്ങി ധാരാളം പദങ്ങളും

ആനക്കലി കൊണ്ടാലും അകബോധം വിടരുത്
മന്തേമത്ത്കാമകന്ത് കൂമന്ത്
മന്തിനരപ്പണം കൂലിതാടോ
മന്തിനുവില ചൊല്ലി മത്തായി മാപ്പിള
മന്തിനരപ്പണം കൂലിതാടോ
പൊട്ടിയതു വേണ്ട ചീഞ്ഞതു വേണ്ട
തവള തടം കൊണ്ടമന്തു മതി

തുടങ്ങി നാടൻപ്പാട്ടുകളും ശൈലികളും ഈ സമൂഹത്തിൽ നിലനിൽക്കുന്നു. ഇവരുടെ ജീവിതരീതിക്കും ആചാരങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ട നാടൻപാട്ടു കളാണ്. ദേവസ്തവിളി, ആമ്മാനപ്പാട്ട്,ആമ്പകൾ തുടങ്ങിയവ.

**ദേവാസ്തവിളി**

നാനൂറ് വർഷത്തിലേറെയായി വലിയനോയമ്പുകാലത്ത് പാടുന്ന പാട്ടാണിത്. പെസഹകാലം ആരംഭിക്കുന്ന ദിവസത്തെ ക്ഷാരബുധൻ എന്നാണ് വിളിക്കുക. ക്ഷാരബുധനാഴ്ച രാത്രി മുതൽ ദുഃഖവെള്ളിയാഴ്ച രാത്രി വരെയുള്ള നാല്പത്തിയെട്ട് ദിവസങ്ങളിൽ മാത്രം ആലപിക്കുന്ന വിശുദ്ധിയും സഹനവും ദുഃഖവും ഇടകലർന്ന പാട്ടുകളാണിവ. ഒരു ജനതയുടെ പാപബോധവും പശ്ചാത്തപവുമായി ആഴത്തിൽ വേരോടിയ ഈ പാട്ടുകൾ തൊണ്ട പൊട്ടുമാറ് നീട്ടിയാണ് പാടുന്നത്. അധികവും കടലോരമേഖലകളിലാണ് ഈ ആചാരപ്പാട്ടിന് പ്രസക്തി. നോയമ്പുകാലരാത്രികളിൽ വിശ്വാസികളുടെ ചെറുസംഘങ്ങൾ കയ്യിൽ മണിയും മരക്കുരിശും വേദവചനങ്ങളുമായി നാട്ടുവഴികളിലൂടെ സഞ്ചരിക്കുന്നു. ചില സ്ഥലങ്ങളിൽ എത്തുമ്പോൾ കുരിശ് മണ്ണിൽ നാട്ടി മുട്ടിൽ നിന്നുകൊണ്ട് കുരിശുരൂപം നമസ്കരിച്ച് മണികിലുക്കി എഴുന്നേൽക്കുന്നു. പരിസരവാസികളായ ജനങ്ങൾ മണിശബ്ദം കേട്ട് ഉറക്കമുണർന്ന് വിളക്ക് തെളിക്കുന്നു. വേവാസ്തസംഘം നീട്ടിപ്പാടുന്നു.

പട്ടാണ്ടയുടെ നാഥനെ കാരുണ്യമേ

പ്ര്ക്ക്പെട്ട ശെയിത്താൻമാരുടെ കൂട്ടമേ

ദേവാസ്തവിളിക്ക് മുസ്ലീംബാങ്ക് വിളിയുമായി സാദൃശ്യം കല്പിക്കാം. വലതുകൈ വലതുചെവിതടത്തിന് തിരശ്ചീനമായി പിടിച്ച് പ്രധാനഗായകൻ നീട്ടി വിളിക്കുന്നു. ഒരടി വിളിച്ചുതീർന്നു ശബ്ദം താഴുമ്പോൾ ഉപനായകൻ അതിനടുത്ത അടി ഉച്ചത്തിൽ ആരംഭിക്കുന്നു. ശിരസുയർത്തി രണ്ടു ചെവികളിലും വിരൽകടത്തി കണ്ണടച്ചു ദേവാസ്ത വിളിക്കുന്നവരെയും വിവിധ കരകളിൽ കാണാം. പുരാതന ക്രിസ്ത്യാനികളുടെ പുണ്യാഹകർമ്മങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി ദേവാസ്തുവിളിയെ കാണാം.

**അണ്ണാവിപ്പാട്ട്**

അണ്ണാവിപ്പാട്ട് എന്നാണീപ്പാട്ടുകളെ വിളിക്കുക. തമിഴ് ഭാഷാരീതിയാണ് ഇതിനായി ഉപയോഗിക്കുന്നത്. യൂറോപ്പിൽ ഭവനങ്ങൾതോറും കയറിയിറങ്ങി പാടിയിരുന്ന ഗായകരുടെ സംഘപരിപാടിയെ ഓർമ്മിപ്പിക്കുന്ന ഒരു ഗാനകലയാണ് അണ്ണാവിപ്പാട്ട്

അഥവാ പിച്ചപ്പാട്ട്. ചിന്നത്തമ്പി അണ്ണാവിയാണ് ഇതിന്റെ പ്രയോക്താവ്.രാഗതാള വൃത്ത നിബന്ധമായി ഈ പാട്ടുകൾ ക്രിസ്തീയ നാടോടിസംഘങ്ങളാണ് ആലപിച്ചിരുന്നത്. ഒരു പ്രധാനഗുരുവും രണ്ട് ശിങ്കിടികളും ചേർന്നാണ് പാടിയിരുന്നത്.

ശേശു മുത്തല
ഉലകിൻ രാജമുത്തല
മരത്താലെ വന്തവിനൈ
മരത്താലെ തീർത്ത മുത്ത്

എന്നിങ്ങനെ ഗുരു പാടുമ്പോൾ ശിഷ്യർ അതേറ്റുപാടുന്നു. ഇന്ന് പൂർണ്ണമായും അന്യംനിന്നു പോയ കടലോര ഗാനകലയാണിത്.

**ആമ്പകൾ**

കടലോരഗാനങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ള മറ്റ് ഒരു വിഭാഗം പാട്ടുകളാണ് ആമ്പകൾ. ഇത് കടലോര മത്സ്യത്തൊഴിലാളികൾ നാവുകളിൽ നിന്ന് നാവുകളിലേക്ക് ഹൃദയങ്ങളിലേക്കും പകർന്നു കിട്ടിയ തനിനാടൻ പാട്ടുകളാണിവ. അർഥവ്യക്തതയോ പ്രൗഢിയോ അവകാശപ്പെടാനില്ലാത്ത ഈ പാട്ടുകൾ വള്ളം തള്ളുമ്പോഴും മീൻപൊലപ്പ് കാണുമ്പോഴും വല വലിക്കുമ്പോഴും വള്ളം കരയ്ക്കടുക്കുമ്പോഴും മത്സ്യത്തൊഴിലാളികൾ ഏറ്റുപാടുന്നു. ചാകരക്കാലത്തും സമൃദ്ധമായി മീൻ കയറുമ്പോഴും സന്തോഷ ത്തിന്റെ പാരമ്യത്തിൽ നിന്നുകൊണ്ടാണിവർ ഈ പാട്ട് പാടുന്നത്.

കടലിന്റെ ഭൂമികയിൽ നിന്നുകൊണ്ട് അവിടുത്തെ സാംസ്കാരികപൈതൃകത്തെ ആവിഷ്കരിക്കുമ്പോൾ ആമ്പകളും പ്രധാന സാക്ഷിയാകുന്നു.

മത്സ്യം കൊണ്ടുവരുന്നതും വിപണനം നടക്കുന്നതും ആയ ഭാഗങ്ങളെ ചന്തക്കടവ് എന്നാണ് പറയുന്നത്. നിറവള്ളവുമായി ചന്തക്കടവിനെ ലക്ഷ്യമാക്കിവരുന്ന മത്സ്യത്തൊഴിലാളികൾ പാടുന്ന ആമ്പയാണ്.

ചന്ദന പുന്തന
ചന്തക്കടവത്
ആശാളിക്കോതമ്പും
പഴമുതിരെ....
ചെറുപയറേ

അർത്ഥവ്യക്തതയോ ആശയവ്യക്തയോ ഇല്ലാതെ പാടുന്ന വാമൊഴിയാണിത്. അന്നന്നത്തെ അന്നത്തിനായി ആഴക്കടലിനോട് മല്ലടിച്ചതിനുശേഷം അവർക്ക് സമൃദ്ധി കിട്ടുമ്പോൾ അവർ പാടിപ്പോകുന്ന പാട്ടാവാം ഇത്.

തണ്ടുവലിക്കുമ്പോഴും വലകോരുമ്പോഴും പാടുന്ന ആമ്പകൾ ഉണ്ട്. നെഞ്ചു പൊട്ടുന്ന സന്തോഷത്തോടെ ഒത്തൊരുമയുടെ മെയ് വഴക്കത്തോടെ അവർ പാടുന്ന പാട്ടു നോക്കു.

പത്തു തണ്ടും പനന്തണ്ടും
ആകെ മുപ്പത്താറുതണ്ടും
ചങ്കരാന്തി ചോറുചെല്ലി കുമ്പിടും തണ്ടേ
ഓ ഞങ്ങളും വന്നേ

ഓ കുഞ്ഞിനേം കൊണ്ടേ

മാതാവിന്റെ കാവലുണ്ടേ
ആപത്തൊന്നും വരുത്തില്ല
വല്ലാർപാടത്തമ്മയ്ക്കൊരു നേർച്ചയുമുണ്ടേ
ആർപ്പോ.......ഉർരോ

എന്നു നീട്ടിപ്പാടുമ്പോൾ ആഴക്കടലിൽ വലയിറക്കുന്ന മത്സ്യത്തൊഴിലാളിക്ക് ഏത് ആപത്തിലും കരം നീട്ടാനെത്തുന്ന വല്ലാർപാടത്തമ്മയോടുള്ള വിശ്വാസം സ്പഷ്ട മാകുന്നുണ്ട്. വിശ്വാസത്തിൽ ജീവിച്ചിരുന്ന ഒരു വിഭാഗത്തെ നമ്മുക്കീപാട്ടുകളിൽ കണ്ടെത്താം.

പൂവെറ്റ്ല എന്ന ആമ്പ അണിയത്തുകാരൻ ചൊല്ലി കൊടുക്കുകയും ബാക്കി തൊഴിലാളികൾ അതേറ്റു പാടുകയും ചെയ്യുന്നതാണ്. വള്ളം തിരമാലകളെ തട്ടിത്തഴുകി പടിഞ്ഞാറോട്ടൊഴുകുമ്പോൾ അവർ പാടുന്ന പാട്ടാണിത്.

എങ്ങാനം ചെന്തോരിളം
കൊടികൊണ്ട് വന്നേ
വട്ടന്തടങ്കോരി ഇട്ടോരിളങ്കൊടി
വേനലാറുമാസോം വേലയും ചെയ്താലോ
ഉമ്മത്തു പൂപോലെ കായിച്ചാ പൂവൈറ്റ്ല
ഏണിയും വച്ചങ്ങു കേറുന്നേൻ ചങ്കരേൻ
വട്ടിനിറകോളം നുള്ളുന്നേൻ പൂവൈറ്റ്ല
രാജാവിൻ മുമ്പാകെ
അരങ്ങേറും പൂവെറ്റ്ല
ഓ കല്യാണപന്തലിലെഴുന്നള്ളും പൂവെറ്റ്ല

എന്നിങ്ങനെ പാടുന്ന മറ്റനേകം ആമ്പകളുമുണ്ട്. സംഗീതമാണ് മത്സ്യത്തൊഴി ലാളികളുടെ തൊഴിൽമേഖലയിലെ ഹൃദയം. അതുകൊണ്ടാണ് വല വലിക്കുമ്പോഴും മീൻവലയിൽ നിന്ന് വേർപെടുത്തുമ്പോഴും തണ്ടുവലിക്കുമ്പോഴുമെല്ലാം വള്ളംകളി ക്കാരുടേതിനു സമാനമായൊരീണം ഇവരും കൊണ്ടാടുന്നത്.

ലത്തീൻ വിഭാവക്കാരുടെ ഇടയിൽ പ്രചരിക്കുന്ന സാമുദായികഗാനശാഖകളിൽ പരിചമുട്ടുകളിയും അമ്മാനപ്പാട്ടും ചവിട്ടുനാടകപ്പാട്ടുമെല്ലാം ഉണ്ടെങ്കിലും മുകളിൽ വിശദീകരിച്ച പാട്ടുകൾ ഇന്ന് അന്യം നിന്നു പോകുന്നവയാണ്. അതുകൊണ്ട് അവ ഇവിടെ പ്രസക്തമാകുന്നു.

**നിർമ്മല.പി.ആർ**
ഗവേഷണ വിദ്യാർത്ഥി
മഹാരാജാസ് കോളേജ്,
എറണാകുളം.

**BASELIUS RESEARCHER**
**Journal of Interdisciplinary Studies and Research**
**Baselius College, Kottayam, Kerala, India.**

**ISSN No: 0975-8658**
**Vol. No. XIX No.2**
**July - December 2018**

# മോക്ഷതൃഷ്ണയുടെ കലാമുദ്രകൾ യൂസഫലി കേച്ചേരിയുടെ ഗാനങ്ങളിൽ

**നയൻതാര സിബി**

ഭാരതീയ സംഗീതപൈതൃകത്തിന്റെ വേരുകൾ വേദകാലഘട്ടത്തോളം സാമവേദത്തിന്റെ ഉറവുകളിലേക്ക് വരെ ദീർഘിക്കുന്നതാണ്. മനുഷ്യമനസ്സിനെ സ്വാധീനിക്കാനുള്ള സംഗീതത്തിന്റെ ശേഷി നിസ്തർക്കമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും കവിത ശുദ്ധസംഗീതവും ചലച്ചിത്ര ഗാനങ്ങൾ പ്രയുക്തവിഭാഗവും എന്ന മട്ടിലുള്ള ഒരു ശ്രേണീവിഭജനം കണ്ടുപോരുന്നു. രചയിതാവിന്റെ ആത്മ വത്തയുടെ പ്രകാശനവും പ്രതിഭയുടെ തന്റേടാട്ടവും കവിതക്കു പ്രാപ്തമാവുമ്പോൾ ചലച്ചിത്രഗാനങ്ങൾ ഏതോ ചില സവിശേഷ സന്ദർഭങ്ങൾക്കിണങ്ങും വിധത്തിൽ ചിട്ടപ്പെടുത്തിയ വാക്ക് കസർത്തുകൾ മാത്രം എന്നാണ് പ്രബലധാരണ. യഥാർത്ഥത്തിൽ ബഹുജനങ്ങളുടെ ഹൃദയവുമായി നേരിട്ടു നാഡീബന്ധം സിദ്ധിച്ചിട്ടുള്ള ഗാനങ്ങളുടെ ശ്രേഷ്ഠത അതിന്റെ ശുദ്ധതയെ സംബന്ധിച്ചുള്ള സന്ദേഹങ്ങളെ എല്ലാം അപ്രസക്തമാക്കുന്നു. തന്നെയുമല്ല ഒരു ഗാനരചയിതാവിന്റെ ഗാനസഞ്ചയത്തെ സൂക്ഷമമായി വിശകലനം ചെയ്താൽ അതിൽ അദ്ദേഹത്തിന്റെ ദർശനങ്ങളും തത്ത്വചിന്തയും ആർജ്ജിതജ്ഞാനവും പ്രതിഭാവിലാസത്തോടെ സ്ഫുരിക്കുന്നത് നിശ്ചയമായും കാണാം. യൂസഫലി കേച്ചേരിയുടെ അതിവിസ്തൃതമായ ഗാനലോകത്ത് അദ്ദേഹത്തിന്റെ വ്യക്തിത്വവും ജീവിതദർശനങ്ങളും കൃത്യമായി അടയാളപ്പെട്ടു കിടക്കുന്നുണ്ട്.

മലയാള ഗാനപാരമ്പര്യത്തിൽ യൂസഫലി കേച്ചേരി ഒരൊറ്റയാനാണ്. വയലാർ, ഭാസ്കരൻ, ഒ.എൻ.വി, ശ്രീകുമാരൻ തമ്പി തുടങ്ങിയ മഹാപ്രതിഭകളുടെ ഇടയിൽ സ്വതന്ത്ര്യശൈലിയും തനതുപരീക്ഷണങ്ങളുമായി സ്വന്തമായി ഒരിടം അദ്ദേഹം കണ്ടെത്തി മുഴുനീളസംസ്കൃത ഗാനങ്ങൾ ചലചിത്ര ങ്ങളുടെ കഥാതന്തുവിനോട് സ്വാഭാവികത ചേരാതെ കൂട്ടിക്കെട്ടാനും അവയെ  ജനകീയമാക്കി തീർക്കാനും അദ്ദേഹത്തെപ്പോലെ കഴിഞ്ഞിട്ടുള്ള കവികൾ വിരളമാണ്. 'മഴ' എന്ന ചിത്രത്തിലെ ഗാനങ്ങൾക്ക് ദേശീയപുരസ്കാരവും സ്നേഹം, പരിണയം, ഗസൽ തുടങ്ങിയ ചിത്രങ്ങളിലൂടെ

സംസ്ഥാന അംഗീകാരവും സ്വന്തമാക്കിയ യൂസഫലിക്ക് സംഗീതം ഒരു തപസ്യയായിരുന്നു. യൂസഫലിയുടെ ഗാനങ്ങളിൽ പൊതുവായി പ്രകമാകുന്ന ഒരു ദർശനമാണ് മോക്ഷദർശനം. കേച്ചേരി ഒരു മുമുക്ഷുവായിരുന്നു. മോക്ഷം എന്നതിന് പരലോകപ്രാപ്തി എന്ന അർത്ഥം മാത്രമല്ല എടുക്കാവുന്നത്. യഥാർത്ഥത്തിൽ അത് സമ്പൂർണ്ണ മോചനമാണ്. എല്ലാ ബന്ധനങ്ങളുടെയും കെട്ടഴിയൽ. അവനവന്റെ ആത്മചൈതന്യത്തിന്റെ സമ്പൂർണ്ണപ്രകാശനം. നിർവൃതിയുടെ പരകോടി. കേവലമായ ആനന്ദത്തിന്റെ മുഴുലയനം. ഇത്തരത്തിൽ ഒരു മോക്ഷത്തെ അദ്ദേഹം നിരന്തരം വിഭാവനം ചെയ്തിരുന്നു. ആ മോക്ഷതൃഷ്ണയുടെ സാഫല്യം തേടിയുള്ള യാനമായിരുന്നു അദ്ദേഹത്തിന്റെ പാട്ടുകളോരോന്നും. മോക്ഷതൃഷ്ണയുടെ മുദ്രകൾ ആഴത്തിൽ പതിപ്പിച്ച് മൂന്നു പാതകളിലൂടെ പ്രധാനമായും ഈ കാവ്യപഥികൻ സഞ്ചരിച്ചു. ഭക്തി, പ്രണയം, സർഗ്ഗസൃഷ്ടി ഈ മൂന്നു മാർഗ്ഗങ്ങളിലൂടെ കൈവല്യസൗഭാഗ്യത്തെ നുകരാൻ യത്നിച്ച കവിയായി യൂസഫലിയെ നിരീക്ഷിക്കാം.

**ഭക്തിയിൽ കൊത്തിയ ഭദ്രശില്പങ്ങൾ**

യൂസഫലി കേച്ചേരിയുടെ വരികൾക്കെല്ലാം ഒരു സുന്ദരശില്പത്തിന്റെ ലാവണ്യവശ്യതയുണ്ട്. ഓരോ വാക്കും ഔചിത്യ ദീക്ഷയോടെ ആ ഗാനശില്പത്തിന് ചാരുതയേറ്റുന്നു. അദ്ദേഹത്തിന്റെ വരികളിൽ ഒരേറിയപങ്കും കൊത്തിയെടുത്തിരിക്കുന്നത് ഭക്തിയെ ഉളിയാക്കിയാണ്. മോക്ഷപാനപാത്രമായി ഭക്തിയെ കേച്ചേരി അബോധപൂർവ്വമായെങ്കിലും കരുതിയിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ പല ഗാനങ്ങളും മന്ത്രിക്കും. ഭാരതീയവേദസാരം ധ്യാനപൂർവ്വം ഉൾക്കൊണ്ട വ്യക്തിയാണു യൂസഫലി. പുനർജനിസങ്കല്പം ഭാരതീയതത്ത്വദർശനത്തിൽ ഏറെ പ്രാധാനമാണ്. കർമ്മങ്ങൾക്കനുസരിച്ച് പുനർജന്മങ്ങളുടെ യാതന വിധിഹിതമായി മർത്യനു കൈവരാം എന്ന വിശ്വാസത്തിലൂന്നിയാണ് ഇഹജന്മത്തെ മനുഷ്യൻ നന്മകൾക്കായി നേദിക്കുന്നത്. വേദങ്ങളിൽ നിന്നും വേദാന്തങ്ങളിൽ നിന്നും സ്വരൂപിച്ച മോക്ഷസങ്കല്പം പ്രത്യക്ഷമായിത്തന്നെ യൂസഫലി കേച്ചേരി തന്റെ സംസ്കൃതഗാനങ്ങളിൽ പകർന്നിട്ടുണ്ട്. കെ.പി. നാരായണപ്പിഷാരടിയുടെ പ്രിയശിഷ്യൻ ജന്മസമസ്യകളെ ഭക്തിയുടെ ആവരണത്തിൽ പൊതിഞ്ഞാണ് കവിതയിൽ നിക്ഷേപിച്ചിരിക്കുന്നത്.

> "ഗേയം ഹരിനാമധേയം
>
> ഭവഭയസാഗരതരണോപായം"

'മഴ' എന്ന ചലച്ചിത്രത്തിൽ രവീന്ദ്രന്റെ സംഗീതത്തിൽ ഹൃദയമാഥിയായി ചിട്ടപ്പെടുത്തപ്പെട്ട ഈ ഗാനത്തിൽ ഭവഭയസാഗരം; പുനർജന്മത്തെക്കുറിച്ചുള്ള ഭയമാകുന്ന കടൽ മറികടക്കുന്നതിനുള്ള ഉപായം ഈശ്വരനാമം ആലപിക്കലാണെന്ന് വ്യക്തമായി പറയുന്നു. 'ധ്വനി' എന്ന ചിത്രത്തിലെ നൗഷാദിന്റെ സംഗീതത്താൽ കർണമധുരമായ 'ജാനകീജാനേ' എന്ന ഗാനത്തിലും സമാനാശയം ജ്വലിച്ചു നിൽക്കുന്നുണ്ട്.

> "കദനനിദാനം നാ ഹം ജാനേ
>
> മോക്ഷകവാടം നാം ഹം ജാനം
>
> ജാനകീ ജാനേ....."

എന്നു പാടി ലോകദു:ഖങ്ങളുടെ കാരണത്തേക്കുറിച്ചും മോക്ഷകവാടത്തിന്റെ സാധ്യതകളേക്കുറിച്ചും തനിക്കുള്ള അജ്ഞത ഏറ്റു പറയുന്ന കവി 'ഭവാബ്ധി നൗക

ത്വമേവ ദേവ' എന്ന തിരിച്ചറിവിലെത്തുന്നു. സംസാരസാഗരത്തിൽ തോണി ഭഗവാൻ മാത്രമാണെന്ന ബോധ്യമാണ് മോക്ഷദാഹിയായ കവിയെ ഭക്തിയിൽ ലയിപ്പിക്കുന്നത്.

'ഗുരുവായൂപുരം ജനി മോക്ഷകരം'

എന്ന് ബോംബേ രവിയുടെ സംഗീതത്തിൽ പിറന്ന 'സർഗ്ഗം' എന്ന ചിത്രത്തിലെ 'കൃഷ്ണകൃപാസാഗരം' എന്ന ഗാനത്തിൽ എഴുതിവച്ച് തന്റെ ബോധ്യത്തെ കൂടുതൽ ദീപ്തമാക്കിത്തീർക്കുന്നു യൂസഫലി. മോക്ഷപ്രാപ്തിയെ ജീവിതത്തിന്റെ ഉന്നമായി മനസ്സിൽ കരുതിയ കവി തന്റെ ലക്ഷ്യസാധ്യത്തിനായി ഈശ്വരസങ്കല്പത്തെ ഉള്ളിൽ ദൃഢമായി പ്രതിഷ്ഠിച്ചിരുന്നതായി ആ ഗാനസഞ്ചയത്തിൽ നിന്നും വ്യക്തം.

മതപരമായ തന്റെ അസ്തിത്വം ഭാരതീയ സാഹിത്യത്തിന്റെയും പൗരാണികപാരമ്പര്യത്തിന്റെയും കാതലിൽ മുട്ടിനോക്കാൻ യൂസഫലി കേച്ചേരിക്ക് ഒരു തടസ്സമേ ആയിരുന്നില്ല. അദ്ദേഹത്തിന്റെ പ്രണയഗാനങ്ങളിൽപ്പോലും രസക്കൂട്ടിന്റെ ഒരു അധികഘടകമായി പുരാണപരാമർശങ്ങൾ പലപ്പോഴും കാണാനാകും.

'അഞ്ചു ശരങ്ങളും പോരാതെ മന്മഥൻ

നിൻ ചിരി സായകമാക്കി നിൻ പുഞ്ചിരി സായകമാക്കി

ഏഴു സ്വരങ്ങളും പോരാതെ ഗന്ധർവ്വൻ

നിൻമൊഴി സാധകമാക്കി നിൻ തേന്മൊഴി സാധകമാക്കി'

പ്രണയിനിയെ ഇതിലേറെ സൗന്ദര്യത്തോടെ അവതരിപ്പിക്കുക പ്രയാസമാണ്. മനസിജനു സായകമാകാൻ ഏറ്റവും ഇണങ്ങുന്ന പുഞ്ചിരിയും ഗന്ധർവ്വനു സാധകമരുളാൻ പോന്ന മധുമൊഴിയും എന്ന സങ്കല്പം കവിയിൽ അങ്കുരിച്ചത് പുരാണപരിചയം അദ്ദേഹത്തിൽ ശക്തമായതുമൂലമാണ്. 'പരിണയ'ത്തിലെ തന്നെ മറ്റൊരു ഗാനത്തിൽ 'സാമജസഞ്ചാരിണി' എന്ന പ്രയോഗം കാണാം. ആനയേപ്പോലെ സൗന്ദര്യത്തോടെ നടക്കുന്നവൾ എന്നർത്ഥം. സാമഗാനം കവി പാടിക്കേട്ടപ്പോളാണ് വെളുത്ത ആന പിറന്നതെന്ന ഐതിഹ്യമാണ് ഇത്തരമൊരു പ്രയോഗത്തിനു നിദാനം.

'ശൃണു മമ ഹൃദയം സ്മരശരനിലയം' പ്രണയപീഡയാൽ കേഴുന്ന തന്റെ മനസ്സിനെ കേൾക്കൂ എന്ന് പ്രണയിനിയോടഭ്യർത്ഥിക്കുന്ന എഴുത്തുകാരൻ തന്റെ ഹൃദയത്തെ കാമദേവകഥയിലെ ബിംബത്താലാണു വർണ്ണിക്കുന്നത് എന്നതും ശ്രദ്ധേയം. ഇങ്ങനെ പുരാണപരാമർശങ്ങൾ നിറയെ വിന്യസിച്ചിട്ടുണ്ട് യൂസഫലി തന്റെ ഗാനലോകത്ത്.

ഭാഗവതം പലവുരു വായിച്ച് മനസ്സിൽ കുടിപാർപ്പായ ബിംബമാണ് കേച്ചേരിക്ക് കൃഷ്ണസങ്കല്പം  സ്വയമറിയാതെ തന്നെ പലപ്പോഴും കാർവർണൻ കവിയിൽ നിന്നും പുറത്തുചാടാറുണ്ട്.

വാർമുകിലെ വാനിൽ നീ വന്നുനിന്നാൽ

ഓർമ്മകളിൽ ശ്യാമവർണ്ണൻ

കളിയാടി നിൽക്കും കദനം നിറയും

യമുനാനദിയായി മിഴിനീർ വഴിയും (മഴ)

ഭക്തിയുടെ പരമകാഷ്ഠയിൽ പ്രകൃതിയുടെ ഓരോ കണികയും ഈശ്വരചൈതന്യമായി രൂപാന്തരപ്പെടും. വാനിലെ വാർമുകിലിൻ ശ്യാമവർണ്ണനെ ദർശിക്കുന്ന കവി

യിൽ ഭക്തി അതിന്റെ ഉദ്ദീപ്തഭാവത്തിൽ പ്രശോഭിക്കുന്നു.

'സർഗ്ഗ'ത്തിലെ 'കൃഷ്ണകൃപാസാഗരം' ഭഗവദ്ജീവിതസംഭവങ്ങൾ നിറയെ കൊരുത്താണ് നിബന്ധിച്ചിരിക്കുന്നത്.

'മുനിജന വന്ദിത മുരഹരബാലം

മുരളീലോലം മുകുരകപോലം

അനന്തശയാനം അരവിന്ദനയനം

വന്ദേ മധുസൂദനം'

അദ്ദേഹത്തിന്റെ വരികളിലെല്ലാം 'മധുരിപു ഭഗവാൻ മാനസമുരളിയെ ചുംബിച്ചുണർത്തുന്നൊരാനന്ദലഹരി'യിൽ ആസ്വാദകരെ ലയിപ്പിക്കാനുള്ള മന്ത്രവിദ്യ കുടികൊള്ളുന്നുണ്ട്.

'ആലിലക്കണ്ണാ നിന്റെ മുരളിക കേൾക്കുമ്പോൾ

എൻ മനസ്സിൽ പാട്ടുണരും ആയിരം കനവുണരും"

'ആലിലക്കണ്ണാ' എന്ന പ്രയോഗത്തിൽ ആലിലയുടെ ആകൃതിയുള്ള കണ്ണുകളുള്ളവൻ എന്ന കേവലാർത്ഥത്തിനപ്പുറം ലോകാവസാനം കുറിക്കുന്ന പ്രളയാനന്തരം പുതിയൊരു യുഗപിറവി കുറിച്ച് ആലിലയിൽ ഭഗവാൻ കൃഷ്ണൻ പ്രത്യക്ഷനാകും, എന്ന വിശ്വാസം കൂടി ഉൾച്ചേർന്നിട്ടുണ്ട്. മഹാമോക്ഷപ്രദായകമായ കൃഷ്ണസങ്കല്പത്തെ തന്നിലെ പാട്ടിന്റെ ആദികാരണമായും പ്രതീക്ഷയുടെ ഹേതുവായും കൂടി കവി അവതരിപ്പിക്കുന്നുണ്ട് മോഹൻ സിത്താരചിട്ടപ്പെടുത്തിയ 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും ' എന്ന ചിത്രത്തിലെ ഈ ഗാനത്തിൽ.

യൂസഫലി കേച്ചേരിയുടെ തത്ത്വദർശനത്തിന്റെ കേന്ദ്രബിന്ദുക്കളിലൊന്നാണ്, മോക്ഷമോഹം. ജീവിതബന്ധനങ്ങളിൽ നിന്നുള്ള പൂർണ്ണമുക്തി എന്ന അർത്ഥത്തിൽ യൂസഫലി മോക്ഷത്തെ കരുതുമ്പോൾ ആഴത്തിലുള്ള ഭക്തിയെയാണ് 'ഭവഭയസഗരതരണോപാധിയായി' അദ്ദേഹം കൂട്ടുപിടിക്കുന്നത്.

പ്രാണന്റെ ശക്തിമന്ത്രമാം പ്രണയം

കവിതയിൽ വിരിഞ്ഞിട്ടുള്ള വികാരങ്ങളിൽ പ്രണയത്തിനുള്ള സ്ഥാനം സവിശേഷമാണ്. ആത്മവിസ്മൃതിയോളം ചെന്നെത്തുന്ന ഒരു മായികശക്തി പ്രണയത്തേക്കുറിച്ചു പാടുമ്പോൾ കവികൾക്കു കൈവരുന്നതായി തോന്നാറുണ്ട്. യൂസഫലി കേച്ചേരി പ്രണയത്തെ ഗാനമായി രൂപാന്തരപ്പെടുത്തുമ്പോൾ അനുവാചകരും ആ വികാരത്തിന്റ തീവ്രതയിൽ സ്വയം മറന്നുപോവുന്നു. മോക്ഷം എന്നതിന് സ്വന്തം ശക്തിയുടെ പരമാവധിയോളം ചെന്നെത്തുക എന്നൊരർത്ഥം കല്പിക്കാറുണ്ട്. പ്രണയം പ്രാണന്റെ പരമാവധി ശക്തിയെ തിരിച്ചറിയുന്ന അനുഭവമേഖലയാണ് യൂസഫലിക്ക്.

ഇശൽത്തേൻകണം ചോരുമീ നിന്റെ ചുണ്ടിൻ

ഗസൽപ്പൂക്കളെന്നെ കലാകാരനാക്കി

ബോംബേ രവി സംഗീതം നിർവ്വഹിച്ച 'ഗസലി'ലെ ഈ ഗാനത്തിൽ തന്നിലെ കവിയുടെ ജനനം പ്രണയിനിയുടെ ഗസലാലാണെന്ന് അദ്ദേഹം പറയുന്നു. നിരന്തരം ഒരു സൗന്ദര്യദിദൃക്ഷു ആയിരുന്നു യൂസഫലി. സൗന്ദര്യത്തെ പ്രണയിച്ചിരുന്ന, പ്രണയ

ത്തിൽ സൗന്ദര്യം കണ്ടിരുന്ന അദ്ദേഹത്തിന് ആത്മനിർവൃതിയിലൂടെ പരമമുക്തിയുടെ അവാച്യസൗന്ദര്യം പകർന്നു നൽകിയിരുന്നു പ്രണയം.

'അനുരാഗഗാനം പോലെ, അഴകിന്റെ അലപോലെ' (ഉദ്യോഗസ്ഥ) പ്രണയത്തെ ആസ്വദിച്ച അദ്ദേഹം

"ഓമലാളെ കണ്ടൂ ഞാൻ പൂങ്കിനാവിൽ

താരകങ്ങൾ പുഞ്ചിരിച്ച നീലവാനിൽ" (സിന്ദൂരച്ചെപ്പ് - ദേവരാജൻ)

എന്നു പറഞ്ഞ് പ്രപഞ്ചത്തോടും ജീവിതത്തോടും നിറയെ പ്രണയം സൂക്ഷിച്ചു.

'പതിനാലാം രാവുദിച്ചത് മാനത്തോ

കല്ലായിക്കടവത്തോ' (മരം - ദേവരാജൻ) എന്ന് ശങ്കിച്ച് പ്രകൃതിയുടെ സൗന്ദര്യവും പ്രണയിനിയുടെ അഴകും സമീകരിച്ചു. സംഗീതമായിരുന്നു യൂസഫലിക്കു ജീവിതം. തന്റെ മോക്ഷയാനം സംഗീതത്താൽ സാധ്യമാക്കാനിച്ഛിച്ച അദ്ദേഹം പ്രണയിനിയെ വാഴ്ത്തുന്നതു പോലും 'എന്നാത്മ സംഗീത ശില്പം നീയല്ലേ' എന്നാണ് (മീൻ എന്ന ചിത്രത്തിൽ). ആത്മാവിന്റെ ബന്ധനങ്ങളെല്ലാം അടർന്ന് പൂർണ്ണമായി നാം ഒരു ശക്തിക്കു മുമ്പിൽ സമർപ്പിതമാകുന്ന നിമിഷമാണ് മോക്ഷാനുഭവം പ്രാപ്തമാക്കുന്നത്.

'അനുരാഗകളരിയിൽ അങ്കത്തിനു വന്നവളെ

പുരികത്തിൻ ചുരിക തടുക്കാൻ പരിചയില്ല'

കെ. രാഘവൻ സംഗീതം നിർവ്വഹിച്ച 'തച്ചോളി അമ്പു' വിലെ വരികളിൽ അനുരാഗം, സ്വയം പരാജയപ്പെട്ട് വിജയത്തിന്റെ ഉന്നതിയിലെത്തുന്ന അനുഭവമാണ്. അത്തരം നിമിഷങ്ങളെ നിർവൃതിയിലുള്ള മുഴുലയനമായ മോക്ഷത്തിന്റെ താത്കാലികാസ്വാദനം തന്നെയായാണ് കവി അറിയുന്നതും അറിയിക്കുന്നതും.

ജീവിതത്തിന്റെ ഭീതികളെ നീക്കി ആത്മജ്ഞാനത്തിന്റെ തികവിലേക്കു നയിക്കുന്ന കൈത്താങ്ങായി പ്രണയത്തെ കവി കരുതുന്നു.

'തവഹാസമെൻ പ്രഭാകിരണം ഭീതരാത്രിയിൽ

കവിൾവാടുകിൽ സദാ തമസ്സെൻ കാവ്യയാത്രയിൽ (ധ്വനി)

ഇങ്ങനെ മറ്റൊരാളുടെ ഹാസാശ്രുക്കൾ സ്വജീവന്റെ ആനന്ദവും വേദനയും നിർണ്ണയിക്കുന്ന ഘടകങ്ങളായി മാറുമ്പോൾ പ്രണയം അതിന്റെ സത്യത്തിന് കയ്യൊപ്പിടുന്നു. പ്രണയത്തെക്കുറിച്ചുള്ള പരമ്പരാഗത സങ്കല്പം ആനന്ദത്തിന്റെ നിറവാണതെന്നതാണ്. എന്നാൽ യൂസഫലിയുടെ നിർവ്വചനത്തിൽ അവർണ്ണനീയമായ നൊമ്പരമാണത്.

'പേരറിയാത്തൊരു നൊമ്പരത്തെ

പ്രേമമെന്നാരോ വിളിച്ചു

മുറിവേറ്റു കേഴുന്ന പാഴ്മുളം തണ്ടിനെ

മുരളികയെന്നും വിളിച്ചു.' (സ്നേഹം)

നൊമ്പരപ്പെടാനുള്ള സന്നദ്ധതയാണ് പ്രണയികളുടെ അടിസ്ഥാനയോഗ്യത. മറ്റൊരാളുടെ നൊമ്പരങ്ങളെ തന്റേതാക്കാനും അവരുടെ ആനന്ദത്തിൽ തുഷ്ടി കണ്ടെത്താനും കഴിയുന്ന അവസ്ഥയാണത്. ഒരുൾരൂപാന്തരീകരണ പ്രക്രിയയാണു പ്രണയം.

പ്രണയം മോക്ഷം തന്നെയാണ്. അവനനവന്റെ അഹംഭാവങ്ങളെ കൈയൊഴിഞ്ഞ് ആത്മപരിവർത്തനം പകരുന്ന മോക്ഷാനുഭവമായി കണ്ട് പ്രണയത്തെ കവി പ്രണയിച്ചു. തന്റെ സംഗീതത്തെ അതിനായി നിവേദിച്ചു.

ഇനിയുമുണ്ടൊരു ജന്മമെങ്കിൽ എനിക്കു നീ ഇണയാകണം

നിന്റെ മിഴിയിലെ നീല വാനിൽ നിത്യതാരകയാകണം (ഗസൽ)

ജന്മജന്മാന്തരങ്ങളിൽ പ്രണയിനിയെ തുണയായി കാംക്ഷിച്ച് പ്രണയത്തിന്റെ നിത്യതയിൽ തന്റെ മുക്തിയുടെ നിത്യഭാവം കവി തേടി. പ്രാണന്റെ ശക്തി മന്ത്രമായി പ്രണയത്തെ ജപിച്ച് തന്റെ മോക്ഷമോഹത്തിലേക്ക് യൂസഫലി അതിനെ ചേർത്തുവെക്കുന്നു.

**സർഗ്ഗചൈതന്യത്തിന്റെ മുക്തിതാളം**

കവികളെ ഭാരതീയ പാരമ്പര്യം ബ്രഹ്മസമാനരായാണു കാണുന്നത്. സൃഷ്ടിയുടെ നിമിഷങ്ങളിൽ അസാമാന്യശക്തിധനരാണവർ. സ്വന്തം പ്രതിഭയുടെ പ്രഭാവത്തിൽ ഏറെ ആനന്ദം കണ്ടെത്തിയിരുന്നു യൂസഫലി കേച്ചേരിയും. സംഗീതമുതിർക്കുന്ന തന്റെ അന്തരംഗത്തെ മോക്ഷത്തിന്റെ ദിവ്യസ്ഥാനമായി അദ്ദേഹം വീക്ഷിച്ചു. സ്വന്തം സിദ്ധികളുടെ പരിസ്ഫൂർത്തിയിലൂടെ എത്തുന്നത് മുക്തിയുടെ ഉച്ചസ്ഥാനത്തുതന്നെ എന്നദ്ദേഹം തന്റെ ഗാനങ്ങളിലൂടെ പറഞ്ഞുവെക്കുന്നു.

മാനസനിളയിൽ പൊന്നോളങ്ങൾ

മഞ്ജീരധ്വനിയുണർത്തി

ഭാവനയാകും പൂവനി നിനക്കായി

വേദിക പണിതുയർത്തി (ധ്വനി)

തനിക്കു തന്നെത്തന്നെ പ്രതിഷ്ഠിക്കാനായി ലഭിച്ച വേദികയുടെ ശില്പി തന്നിലെ ഭാവനതന്നെയെന്ന് കവി തിരിച്ചറിയുന്നു. ആ വേദിയിൽ നിന്ന്

'ലോകമേ നിൻ ചൊടിയിൽ ചിരി കാണാൻ

കരൾ വീണ മീട്ടി പാട്ടുപാടാം' (ജോക്കർ)

എന്നു കവി ആശിക്കുന്നു. ആത്മത്തെ ലോകത്തിനായി പകർന്നു നൽകുന്നതിനുള്ള ഉപാധിയാണ് അദ്ദേഹത്തിനു സംഗീതം.

സാരസ്വതമധുവേന്തും

സരസീരുഹമേ സംഗീതമേ നിന്റെ

മൃദുലദളങ്ങളിൽ ചുംബിക്കുവാൻ മോഹം

മധുരം നുകരാൻ ദാഹം. (ശരപഞ്ജരം - ജി ദേവരാജൻ)

സംഗീതത്തിന്റെ അനഘനിർവൃതി ആവോളം നുകരുകയായിരുന്നു കവിയുടെ ജീവിതലക്ഷ്യം. ആ മോഹസാഫല്യത്തെ ജീവിതമോക്ഷമായി അദ്ദേഹം വ്യാഖ്യാനിക്കുന്നു.

"സംഗീതമേ അമര സല്ലാപമേ

വേദനയേപ്പോലും വേദാന്തമാക്കുന്ന

നാദാനുസന്ധാന കൈവല്യമേ”

എന്ന് ‘സർഗ്ഗ’ത്തിൽ പാടി അദ്ദേഹം സംഗീതത്തെ ഉപാസിക്കുന്നു. ലോകത്തിലും ജീവിതത്തിലും സ്വർഗ്ഗം സൃഷ്ടിക്കാനുള്ള മായികസിദ്ധി കലകൾക്കുണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

“ആദിമ ചൈതന്യ നാഭിയിൽ വിരിയും

ആയിരം ഇതളുള്ള താമരയിൽ

രചനാചതുരൻ ചതുർമുഖനുണർന്നൂ

സർഗ്ഗം തുടർന്നു കലയിലൊരു സ്വർഗ്ഗം വിടർന്നു.”

ബ്രഹ്മസൃഷ്ടിയെ ചതുരനായ ഒരു കലാകാരന്റെ വൃത്തിയായി കാണുന്ന കവിക്ക് തന്നിലെ സർഗ്ഗചൈതന്യം അത്രമേൽ ആനന്ദകരമാണ്. തന്റെ കാഴ്ചകളിലെല്ലാം സംഗീതത്തിന്റെ മാസ്മരശക്തിയാണ് കവി അനുഭവിക്കുന്നത്.

“സഹ്യസാനുശ്രുതി ചേർത്തു വെച്ച മണിവീണയാണെന്റെ കേരളം

നീലസാഗരമതിന്റെ തന്ത്രിയിലുണർത്തിടുന്നു സ്വരസാന്ത്വനം”

കരുമാടിക്കുട്ടൻ എന്ന ചിത്രത്തിൽ ഇങ്ങനെ എഴുതുന്ന കവി തന്റെ പ്രിയ കേരളത്തെയും ശ്രുതിമധുരമായ ഒരു സംഗീതം പോലെയാണ് ഉൾക്കൊള്ളുന്നത്.

‘സംഗീതമേ നിന്റെ ദിവ്യസൗഭാഗ്യത്തിൻ

സന്ദേശമായ് ഞാനുണർന്നുവെങ്കിൽ

പാഴിരുൾ മൂടിയ മാനസസാനുവിൽ

പാൽക്കതിരായി പടർന്നുവെങ്കിൽ (ഗസൽ)

യഥാർത്ഥമോക്ഷം പ്രാപിച്ചവർക്ക് ഈ ലോകത്തിന്റെ യാതനകളിലേക്ക് തങ്ങൾ ആർജ്ജിച്ച സ്വാസ്ഥ്യത്തെ പകരാതിരിക്കാനാവില്ല. സംഗീതരചനയിൽ മുഴുകുന്ന നിമിഷങ്ങളിൽ മുക്തിയുടെ അവാച്യാനുഭവം കരഗതമാകുന്ന യൂസഫലിയും സംഗീതം തനിക്കു നൽകിയ ആ ദിവ്യസൗഭാഗ്യത്തിന്റെ സന്ദേശമായി സ്വയം മാറി ഇരുൾ മൂടിയ ഹൃദയങ്ങളിൽ ചന്ദ്രിക തൂകാൻ ഇച്ഛിക്കുന്നു. സർഗ്ഗചൈതന്യം സ്വജീവിതത്തിന്റെ മുക്തിതാളമായി അറിഞ്ഞ് സ്വീകരിക്കുകയും തന്നിൽ നിന്ന് അതിനെ ലോകത്തിലേക്കു പകർന്ന് ആ താളസംക്രമണത്തിൽ നിർവൃതി കണ്ടെത്തുകയും ചെയ്ത സംഗീതോപാസകനാണ് യൂസഫലി കേച്ചേരി.

യൂസഫലി കേച്ചേരി എന്ന കവിയുടെ കാവ്യ ചിന്തയെ നിർണ്ണയിക്കുന്നിൽ മുഖ്യ പങ്കു വഹിച്ചിട്ടുണ്ട് അദ്ദേഹത്തിന്റെ മോക്ഷസങ്കല്പങ്ങൾ. ലോകബന്ധനങ്ങളിൽ നിന്നുള്ള വിമുക്തിയായും ആത്മശക്തിയുടെ പൂർണ്ണാർജ്ജനമായും നിർവൃതിയുടെ മോഹനാനുഭവമായും സ്വയം വിസ്മൃതിയുടെ അവാച്യാനുഭൂതിയായും മോക്ഷത്തെ തിരിച്ചറിഞ്ഞ യൂസഫലി തന്റെ ഗാനങ്ങളിൽ പ്രച്ഛന്നവേഷധാരികളായി ആ അറിവുകൾക്ക് പ്രവേശനമരുളിയിട്ടുണ്ട്. ഭക്തിയിലൂടെ ഭവഭയത്തിൽ നിന്ന് മുക്തരായി പ്രണയത്തിലൂടെ അഹംഭാവങ്ങൾ വെടിഞ്ഞ് പരനുവേണ്ടി സ്വയം രൂപാന്തരപ്പെട്ട് തേജോമയമായ തന്റെ വാക്കിലൂടെ നിത്യതയെ പ്രാപിക്കുക എന്നത് ജീവിതദർശനമായി അദ്ദേഹം ഗാനങ്ങളിൽ പകർന്നു.

‘ഗായകാ മറക്കാതിരിക്കുക
നിന്റെയീ വാക്കുകൾ
യുഗാന്തരങ്ങളിലും
മാറ്റൊലി കൊള്ളുമെന്ന്’ (സുഗതകുമാരി, 1993 : 23)

എന്ന വേദകവികൾ ഓർമ്മിപ്പിക്കുന്നത് ഹൃദയത്തിൽ സംഗ്രഹിച്ച് ഭക്തി, പ്രണയം, സർഗ്ഗസൃഷ്ടി എന്ന ത്രിമാനഘടനയുള്ള ഒരു മുക്തിസങ്കല്പം കലാതിവർത്തിയായി മെനഞ്ഞെടുത്തിരിക്കുന്നു യൂസഫലി കേച്ചേരി എന്ന മനീഷിയായ മുമുക്ഷു.

**ഗ്രന്ഥസൂചി**


1. ദാമോദരൻ കെ., 1992, ഭാരതീയചിന്ത, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. മനോജ് കുറൂർ, 2012, നിറപ്പകിട്ടുള്ള നൃത്തസംഗീതം, കോട്ടയം: ഡി.സി. ബുക്സ്.
3. സുഗതകുമാരി, എൻ.വി. കൃഷ്ണവാരിയർ, കെ. വേലായുധൻ നായർ, 1993, ഭാരതീയ പൈതൃകം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.



**നയൻതാര സിബി**
റിസേർച്ച് സ്കോളർ,
മലയാളം വിഭാഗം,
സെന്റ്. തോമസ് കോളേജ്,
പാലാ.

**BASELIUS RESEARCHER**
**Journal of Interdisciplinary Studies and Research**
**Baselius College, Kottayam, Kerala, India.**

**ISSN No: 0975-8658**
**Vol. No. XIX No.2**
**July - December 2018**

# Phytochemical and Antioxidant activity of *Cocciniagrandis* Raw and Ripe Fruits

**Priya Thambi T and Sukanya Joseph**

## ABSTRACT

*Cocciniagrandis* has been used in traditional medicine as a household remedy for various diseases. The whole plant of *Cocciniagrandis* reported to have several pharmacological activities. In this research article, we have compared raw and ripe fruit of *Cocciniagrandis*.The qualitative phyto chemical analysis showed the presence of saponins, flavanoids, carbohydrates, proteins, alkaloids etc in both red and green extract. It was found that the red extract possessed more amounts of phytochemicals than green extract. The amount of protein was found to be higher in unripe fruit. The amount of carbohydrate was compared with standard glucose and the amount was found to be higher in ripe than in green (9.8 mg/mL and 6.2mg/mLrespectively).In unripe, the absorbance is found to be maximum at lower concentration and further increase of concentration shows a decrease in the absorbance. The antioxidant activity of ripe fruit is due to the presence of myricetin and unripe is due to the presence quercetin. We can suggest the inclusion of ripe fruit is more favored because of the higher antioxidant activity of ripe is found to be more active and can be included in our diet or in the form of any formulations and can be supplemented as an antioxidant for patients with many complications related with freeradicals.

***Key words:*** *Cocciniagrandis, Soxhlet extractor, HPLC, Colorimeter, Flavanoids, Carbohydrate, Myricetin, Quercetin.*

## INTRODUCTION

*Cocciniagrandis*, the ivy gourd, also referred to as baby watermelon, little gourd, gentleman's toes or even gherkin is actually an exotic vine belonging to the family Cucurbitaceae, in the genus Coccinia Wight &Arn. Other Common Names of Ivy includes Kowai fruit, Small Gourd, Scarlet-Fruited Gourd, Scarlet Gourd, Kovakka,

little gourd, tonde Kai, *Cephalandraindica*, and Tindora. It is actually native to northern and eastern Africa, Arabia to tropical south and southeast Asia.Ivy gourd is referred to as Telakucha in Bangladesh, Gourde Écarlate De L´IndeTindola in French and GolKankri in Nepali. Ovoid to ellipsoid berry shaped vegetable is in fact a storeroom of several health promoting Nutrients, vitamins and Minerals.



HajaSherief*et al* (2011) evaluated the hepatoprotective and antioxidant activity of *Cocciniagrandis* root extracts against paracetamol induced hepatic oxidative stress in Wistar albino rats. It was concluded from the result that ethanolic extract of *Cocciniagrandis* possess hepatoprotective and antioxidant activity against paracetamol induced hepatotoxicity in wistar albino rats. (Pekamwar*et al*., 2013) evaluated the pharamaceutical activities and regarded as universal panacea in ayurvedic medicine. It was concluded that *Cocciniagrandis* is an important source of many pharmacological and medicinally important chemicals. Plant extract have significant analgesic, antipyretic, anti-inflammatory, anti microbial, antiulcer, antidiabetic, antioxidant, hypoglycemic, hepatoprotective, antimalarial, antidyslipidemic, anticancer, mutagenic activity in different models. Nidhisrivastava*etal*(2014)studied to reveal that ethanolic leaf extract of this plant has potential effect against several bacterial strains compare to root. The present review is the pool information that highlights the botany, chemical constituents, pharmacological activities and recent research in *C. cordifolia*. Sumathy and Kumuthakalavalli*et al* (2014)studied to investigate the phytochemical constituents and *in vitro* anti inflammatory activity of the fruit extract to justifies their use in folkloric medicine.. Our study has also revealed that ethanolic leaf extract of this plant has potential effect against several bacterial strains compare to root. The present review is the pool information that highlights the botany, chemical constituents,

pharmacological activities and recent research in *C. cordifolia*.. Arshad Hussain*etal* (2011)made an attempt to check purity as well as dried crude sample of leaves anatomically and physicochemically. These studies will provide referential information and help in checking adulteration in market samples used in the preparation of various herbal medicine. *Gill.al,* (2014)studies suggests that *Cocciniacordifolia*auct. None (L.) Cogn. is a versatile medicinal plant. Every part of this plant is valuable as medicine.. ·

*Cocciniagrandis* has been used in traditional medicine as a household remedy for various diseases. The whole plant of *Cocciniagrandis* having pharmacological activities like analgesic, antipyretic, anti-inflammatory, antimicrobial, antiulcer, antidiabetic, antioxidant, hypoglycemic, hepatoprotective, antimalarial, antidyslipidemic, anticancer, mutagenic. The present review gives botany, chemical constituents and pharmacological activities of *Cocciniagrandis*. (Pekamwar*etal* ,2013).

## MATERIALS AND METHODS

Instrumentsused:

Soxhlet extractor

A Soxhlet extractor is a piece of laboratory apparatus invented in 1879 by Franz von Soxhlet. It was originally designed for the extraction of a lipid from a solid material. However, a Soxhlet extractor is not limited to the extraction of lipids. Typically, a Soxhlet extraction is only required where the desired compound has a limited solubility in a solvent, and the impurity is insoluble in that solvent. If the desired compound has a significant solubility in a solvent then a simple filtration can be used to separate the compound from the insoluble substance.

### Colorimeter

Colorimetry is the technique that is frequently used in biochemical investigations. This involves the quantitative estimation of colors. This means that if you want to measure the quantity of a substance in a mixture, you could use the technique of colorimetry, by allowing the substance to bind with color forming chromogens. The difference in color results in the difference in the absorption of light, which is made use of here in this technique called colorimetry.

### High Performance Liquid Chromatography

High-performance liquid chromatography (HPLC; formerly referred to as high-pressure liquid chromatography), is a technique in analytical chemistry used to separate, identify, and quantify each component in a mixture. It relies on pumps to pass a pressurized liquid solvent containing the sample mixture through a column filled with a solid adsorbent material. Each component in the sample interacts slightly differently with the adsorbent material, causing different flow rates for the different components and leading to the separation of the components as they flow out the column.

### Collection of plant Materials

The fruit of *Cocciniagrandis* was collected from local market of Therthally, Kannur district. It was identified by taxonomist Dr. Krishna raj R, Department of Botany, Baselius College, Kottayam. One kilogram of raw (CGG) and ripe fruits(CGR) of *C. grandis* were shade dried during the month of March 2016 and it was powdered in a grinder.

**Method of Extraction**

The extraction was carried out using a soxhlet extractor. 53.83g of CGR and 53.16g ofCGG powdersampleswas taken in a starch free cotton bag. 50% ethanol was used for extraction purpose. The extraction was carried out until the solvent becomes colourless. The extract was kept in a temperature controlled evaporator below 50 $^{o}$c and the yield of the extract was noted.

**Qualitative Analysis**

1) Test for saponin:

   The test solution was mixed with water and shaken and observed for the formation of froth,which is stable for 15 minutes for a positive result.

2) Test for Alkaloids:

   Test solution was treated with few drops of Hager's reagent.Formation of yellow precipitate would show a positive result for the presence of alkaloids.

3) Test for Flavonoids:

   Test solution when treated with few drops of $FeCl_3$ solution would result in the formation of blackish red colour indicating the presence of flavonoids.

4) Test for Tannin:

   Sample was mixed with 5% $FeCl_3$solution. Blue-black precipitate indicatesthe presence of tannins.

5) Test for proteins:

   Test solution was treated with 10% NaOH solution and 2 drops of 0.1% $CuSO_4$solution. Formation of pink/violet colour observed.

6) Test for free amino acid:

   Test solution when boiled with 0.2% solution of Ninhydrin,would result in the formation of purple color suggesting the presence of free amino acids.

7) Test for carbohydrate:

   Test solution was mixed with few drops of Benedict's reagent and boiled in water bath,observed for the formation of reddish brown precipitate to show a positive result for the presence of carbohydrate.

8) Test for phenol:

   $FeCl_3$ was used to test the presence of phenols.The presence of phenols was indicated by the appearance of green colouration when the reagent was added to extract. (Janarthiananand Senthil, 2013)

**Quantitative Analysis**

**Estimation carbohydrate**

Principle: Carbohydrates are dehydrated with concentrated $H_2SO_4$ to form "Furfural", which condenses with anthrone to form a green color complex which can be measured by using colorimetrically at 620nm (or) by using a red filter. Anthrone react with dextrins, monosaccharides, disaccharides, polysaccharides, starch, gums and glycosides. (Sadasivam andManikam,1997) Estimation ofProtein

Principle:According to the Beer-Lambert Law, the absorption of the sample is directly proportional to the concentration of the species – in this case peptide bonds.

Hence absorption spectroscopy using a spectrophotometer is a quantitative method which can be used to determine the concentration of total protein, following the Biuret test.Measure the absorbance of standard and sample against reagent. (Gomall , 1949)

**Estimation Total Flavanoid Content**

Principle: The extract was evaporated to dryness to obtain the crude extract. The principle involved in Aluminium chloride ($AlCl_3$) colorimetric method is that $AlCl_3$ forms acid stable complexes with the C-4 keto groups and either the C-3 or C-5 hydroxyl group of flavones and flavonols.Total flavonoid content was calculated from a calibration curve, and the result was expressed as mg rutin equivalent per g dry weight. (Janarthianan M and SenthilM,2013)

**Determination of Antioxidant activity**

**Ferric reducing power assay**

Principle:The reducing power of*Cocciniagrandis* extracted by ethanol is determined by this method.Substances, which has reduction potential, react with potassium ferricyanide ($Fe^{3+}$) to form potassium ferrocyanide ($Fe^{2+}$), which then reacts with ferric chloride to form ferric ferrous complex that has an absorption maximum at 700 nm.

$K_3Fe(CN)_6 + FeCl_3 K_4 Fe(CN)_6 + FeCl_2$

Ascorbic acid is used as a positive control.(Jayathilake etal., 2016)

**Estimation and Identification of flavonoids by HPLC**

The estimation of flavanoids was carried out using Shimadzu lab solutions. The solvent system used was methanol- water system and 10 microlitre of sample was injected and detector used was at 370 and 1280 nm.The column used was of 10m and run for 40 minutes and the chromatogram was taken and the analysis was carried out and this was compared with the standard flavanoids like quercetin, apigenin, myrcetin,luteolin and kaemferol and the amount was determined.

**RESULTS AND DISCUSSION**

**Qualitative Analysis:**

| Phytoconstituents | Red | **Green** |
|---|---|---|
| Carbohydrate | ++ | + |
| Flavanoids | ++ | + |
| Proteins | +++ | +++ |
| Tannins | - | - |
| Saponin | + | ++ |
| **Alkaloids** | ++ | ++ |

## Quantitative Analysis

**Estimation of protein: Table :1 shows the amount of protein present in raw and ripe *Cocciniagrandis***

**Table 1**

| Samples | Concentration (g/dL) |
|---|---|
| Standard | 6 |
| CGG | 1.42 |
| CGR | 0.789 |

**Estimation of carbohydrate:**

**Fig.1showed the amount of carbohydrate in green*Coccinia* *grandis (CGG)***




**Fig 2 showed the amount of carbohydrate in red *Coccinigrandis*(CGR)**




**Determination of antioxidant activity**

**Fig 3 showed Ferric reducing power assay of red *Cocciniagrandis*(CGR)**




**Fig 4 showed Ferric reducing power assay ofgreen *Cocciniagrandis* (CGG)**



**Figure:**




**Figure: 6 Chromatogram showing the retention time of the standard - flavanoids**

**==== Shimadzu LabSolutions Analysis Report ====**

C:\LabSolutions\Data\Project1\DATA\Flavonoids\MeOHWater\FlavonoidsMWStd15ppm.lcd

| | |
|---|---|
| Acquired by | : IUCDMB.CUSAT |
| Sample Name | : FlavonoidsMWstd15ppm |
| Sample ID | : Aglycon |
| Tray# | : 1 |
| Vial# | : 1 |
| Injection Volume | : 10 |
| Data File | : C:\LabSolutions\DataProject1\DATA\Flavonoids\MeOHWater\FlavonoidsMWStd15ppr |
| Method File | : C:\LabSolutions\DataProject1\DATA\Flavonoids\MeOHWater\Girish\Flavonoid 1.lcm |
| Report Format File | : C:\LabSolutions\System\DEFAULT.lsr |
| Month-Day Acquired | : 5/1/2012 |
| Month-Day Processed | : 6/29/2013 |

C:\LabSolutions\Data\Project1\DATA\Flavonoids\MeOHWater\FlavonoidsMWStd15ppm.lcd




MS Chromatogram

Detector A 370nm

| Peak# | Ret. Time | Area | Height | Conc. | Unit | Mark | Name |
|---|---|---|---|---|---|---|---|
| 1 | 3.099 | 19668 | 1191 | 0.000 | | V | |
| 2 | 3.544 | 1827 | 183 | 0.000 | | V | |
| 3 | 3.840 | 5008 | 202 | 0.000 | | V | |
| 4 | 4.602 | 1210 | 77 | 0.000 | | V | |
| 5 | 5.827 | 967652 | 44151 | 17.144 | mg/L | V | Myricetin |
| 6 | 7.120 | 57140 | 1669 | 0.000 | | V | |
| 7 | 8.135 | 1103 | 161 | 0.000 | | V | |
| 8 | 8.804 | 1117220 | 37965 | 15.414 | mg/L | V | Quercetin |
| 9 | 10.505 | 1015399 | 29856 | 15.168 | mg/L | V | Luteolin |
| 10 | 12.895 | 1135 | 105 | 0.000 | | V | |
| 11 | 13.895 | 1071968 | 26220 | 15.346 | mg/L | V | Kaempferol |
| 12 | 15.318 | 634647 | 13201 | 15.218 | mg/L | V | Apigenin |
| Total | | 4893976 | 154981 | | | | |

**Table 2 showing the retention time ( Shimadzu-HPLC) of the standard flavanoids**

**Structure of Flavanoids- identified by HPLC method**




**Kaempferol**




Quercetin



**Myricetin**

**Table 3**

**Compounds identified from raw and ripe fruits of *C. grandis* by HPLC**

**BDL: Below the Detection Limit**

| Flavoniods | CGR (mg/ml) | CGG (mg/ml) |
|---|---|---|
| Myricetin | 49.5527731 | BDL |
| Quercetin | BDL | 1.030687779 |
| Kaempferol | 0.256294964 | BDL |
| Apigenin | 0.303948494 | BDL |

**Fidure 7 - Chromatogram showing the retention time of the flavanoids identified from red**

**==== Shimadzu LabSolutions Analysis Report ====**

C:\LabSolutions\Data\Project1\DATA\DLPM\pdf work\MS files\Red kovakka-D.lcd

| | |
|---|---|
| Acquired by | : IUCDMB CUSAT |
| Sample Name | : Red kovakka-D |
| Sample ID | : Red kovakka-D |
| Tray# | : 1 |
| Vial# | : 1 |
| Injection Volume | : 20 |
| Data File | : C:\LabSolutions\Data\Project1\DATA\DLPM\pdf work\MS files\Red kovakka-D.lcd |
| Method File | : C:\LabSolutions\Data\Project1\METHODS\DLPM\Pdf work\Flavanoid LCMS new dlpm |
| Report Format File | : C:\LabSolutions\System\DEFAULT.lsr |
| Month-Day Acquired | : 7/22/2016 |
| Month-Day Processed | : 7/25/2016 |

**<Chromatogram>**

C:\LabSolutions\Data\Project1\DATA\DLPM\pdf work\MS files\Red kovakka-D.lcd




F

**Figure: 8 Chromatogram showing the retention time of the flavanoids identified from green *C.grandis* (CGGC. *grandis* (CGR)**




The extract of both green and red Cocciniagrandis was taken in 50 % hydroalcohol and the extractive value was found to be 29.243% for red and 64.05755% for green respectively. The qualitative phyto chemical analysis showed the presence of saponins, flavanoids, carbohydrates, proteins, alkaloids etc in both red and green extract. It was found that the red extract possessed more amounts of phytochemicals than green extract. As a part of the study we calculated quantitatively the amount of protein and it was found that the amount of protein was found to be 1.42g/dL in green and 0.789g/dL in red extract respectively.The amount of protein was found to be higher in CGG. The amount of carbohydrate was compared with standard glucose and the amount was found to be higher in CGR than in CGG ( 9.8 mg/mL and 6.2mg/

mLrespectively).The amount was found to be highest in red extract than in green one. The total flavanoids was quantitatively estimated and it was found that the amount was found to be 0.18µg/100µg in red extract and 0.12µg/100µg in green extract. To identify the flavanoids, HPLC was carried out and we have identified quercetin (1.030687779 mg/L ) in CGG and the presence of Myricetin, Kaemferol and Apigenin was found in CGR and the amount found to be 49.5528mg/L, 0.2563mg/L, 0.3040 mg/L respectively. The antioxidant activity of the extracts showed that in CGR as the concentration increases the absorbance also increases up to 400 µg and in the case of CGG even at 300µg concentration the absorbance is found to be higher than CGR. But CGR is showing the antioxidant activity up to 400µg and further increase of concentration decreases the antioxidant activity and it is behaving as prooxidant which may be due to the synergistic effect of the extract. In CGG the absorbance is found to be maximum at lower concentration and further increase of concentration shows a decrease in the absorbance. The antioxidant activity of CGR is due to the presence myricetin and CGG is due to the presence quercetin.

**CONCLUSION**

From the above results, we can conclude that the antioxidant activity of the fruits of bothripe and rawCocciniagrandismay be due to the presence of many of the phytochemicals present in it. Flavanoids like Myricetin, Kaemferol, Apigeninetc are present in ripe fruit whereas in green fruitquercetin is present in a considerable amount. The antioxidant activity of these flavanoids are already established and we can suggest the inclusion of ripe fruit is more favored because of the antioxidant activity of ripe is found to be more active and can be included in our diet or any of the formulations and can be supplemented as an antioxidant for patients with diabetes and other complications.

**REFERENCES**

Arshad H, Shadma W, Aleza R and Sarfaraj H(2011) “Macroscopical,anatomical and physico-chemical studies on leaves of Cocciniaindica Wight &Arn.,growing wildly in eastern Uttar Pradesh region of India” Indian Journal of Natural Products and Resource,Vol. 2(1),pp. 74-80.

Haja S. S, Moideen K, Sengottuvelu S and Sivakumar T (2011) “Hepatoprotective and antioxidant activity of Cocciniagrandis root extract against paracetamol induced hepatic oxidative stress in wistar albino rats” IJRAP 2011,2(3) 858-863.

GillN.S , Kaur P and Arora R(2014)“Review on Cocciniacordifoliaauct.non (L.) cogn,review" article ISSN:2230-7583International Journal of advances in pharmaceuticalpp 234-241.

Gomall, A (1949) ”Test for the determination of total protein content”. ;JBiolChem, 177 C 751

Sadasivam .S and Manickam.A , (1997) “Biochemical Methods” 2ndedition,pp 1-19.

Janarthianan .M and Senthil K.M (2013) “Qualitative and Quantitative analysis of phytochemical studies on selected seaweeds acanthoporaspicifera and sargassumwightii”. International Journal of Engineering Research and development 7:11-15.

Jayathilake .C,Rizliya .V and Liyanage .R (2016) “Antioxidant and Radical Scavenging Capacity of Extensively Used Medicinal Plant In Sreelanka”. Procedia Food Science Vol.6, PP 123-126.

Nidhi S, Sanskriti G and Anju M (2014)“A Brief Study on Phytochemical Compounds

Present In Cocciniaindicafor Their Medicinal, Pharamacological and Industrial Application" World Journal of Pharmacy and Pharmaceutical Sciences, journel ,Vol.3,Issue 2,,ISSN 2278-4357, PP1995-2016 .

PekamwarS.S,KalyankarT.M,andKolkate S.S (2013) "Pharmacological Activites of Cocciniagrandis:Review"Journal of Applied pharmaceutical science,vol.3(05),pp. 114-119 .

Sumathy R, .Kumuthakalavalli R and SelvamV (2014) "Phytochemical Constituents And Invitro Anti-Inflammatory Activity Of An Ivy Gourd, CocciniagrandisWorld Journal of Pharmacy and Pharmaceutical Sciences, Vol.3, Issue 7,ISSN 2278-4357,pp1173-1179.

About the Author

**Dr.PriyaThambi T**
Assistant Professor
PGDepartment of Chemistry
Baselius College, Kottayam

BASELIUS RESEARCHER
Journal of Interdisciplinary Studies and Research
Baselius College, Kottayam, Kerala, India.

ISSN No: 0975-8658
Vol. No. XIX No.2
July - December 2018

# സ്വത്വാന്വേഷണത്തിന്റെ പാശ്ചാത്യവും പൗരസ്ത്യവുമായ തലങ്ങൾ - ഖസാക്കിന്റെ ഇതിഹാസത്തിൽ

ഡോ. ഷൈല എബ്രഹാം

ഏതൊരു സാഹിത്യത്തിലും പ്രത്യക്ഷപ്പെടുന്നത് സാഹിത്യകാരന്റെ യാഥാർത്ഥ്യ ദർശനമാണ്. താനനുഭവിക്കുന്നതോ കണ്ടെത്തിയതോ സൃഷ്ടിച്ചെടുക്കുന്നതോ ആയ യാഥാർത്ഥ്യങ്ങളെ കലാപരതയോടെ വിശ്വസനീയമാം വിധം അവതരിപ്പിക്കുമ്പോഴാണ് സാഹിത്യ കൃതി ശ്രേഷ്ഠമാകുന്നത്. അതുകൊണ്ടുതന്നെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ബോധ്യമാണ് എഴുത്തുകാരന്റെ വെല്ലുവിളി.

പൊതുവേ മൂന്നു തരം യാഥാർത്ഥ്യങ്ങളാണ് സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത്.

(1) ഭൗതിക യാഥാർത്ഥ്യം (2) മനശ്ശാസ്ത്ര യാഥാർത്ഥ്യം (3) അബോധപൂർവ്വമായ ആശയങ്ങളുടെയും അവയുടെ വാസ്തവ രൂപങ്ങളുടെയും യാഥാർത്ഥ്യം. ഇതിൽ ആദ്യത്തേതായ ഭൗതിക യാഥാർത്ഥ്യം നമുക്കു ചുറ്റുമുള്ള ലോകത്തിൽ നിന്ന് പഞ്ചേന്ദ്രിയങ്ങൾ വഴി നാം സ്വീകരിക്കുന്നതാണ്. വസ്തുനിഷ്ഠമായ യാഥാർത്ഥ്യമായി നമുക്കിതിനെ പരിഗണിക്കാം. മനശ്ശാസ്ത്രയാഥാർത്ഥ്യം മനസ്സിന് അനുഭൂതമാകുന്ന യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യം നാം ചിന്തയിലൂടെ രൂപപ്പെടുത്തി എടുക്കുന്ന ഒന്നാണ്. ഓരോ മനുഷ്യന്റെയും മനോഘടന വ്യത്യസ്തമാണ്. എന്നതുകൊണ്ടുതന്നെ മനസ്സിന് അനുഭൂതമാകുന്ന യാഥാർത്ഥ്യവും പ്രതിജനഭിന്നമായിരിക്കും. അവനവന്റേതു മാത്രമായ ഈ മാനസിക യാഥാർത്ഥ്യത്തെ സാഹിത്യത്തിൽ അവതരിപ്പിക്കുമ്പോൾ അത് പ്രത്യക്ഷയാഥാർത്ഥ്യമെന്ന നിലയിലാണ് അവതരിപ്പിക്കപ്പെടുന്നത്. തന്റെ സ്വകാര്യമായ യാഥാർത്ഥ്യത്തെ മറ്റുള്ളവർക്ക് അനുഭവവേദ്യമാം വിധം അവതരിപ്പിക്കുന്നതിന് പലേ ടെക്നിക്കുകളും സാഹിത്യകാരന് സ്വീകരിക്കേണ്ടി വരും. സിംബലുകളും രൂപകങ്ങളും മിത്തുകളുമൊക്കെ ഈ ഉപയോഗത്തിനുള്ളതാണ്. എങ്കിലും സ്വന്തം മനോഘടനയുടെ സൃഷ്ടി എന്ന നിലയിൽത്തന്നെ സാഹിത്യകൃതി അനന്യമാകാൻ ഈ യാഥാർത്ഥ്യ ചിത്രീകരണം കാരണമാകുന്നു. അബോധപൂർവ്വമായ ആശയങ്ങളുടേയും അവയുടെ വാസ്ത

വങ്ങളുടെയും ചിത്രീകരണം ഫാന്റസിയിലൂടെയാണ് അവതരിപ്പിക്കപ്പെടുന്നത്. സ്വപ്നാഖ്യാനം മുതൽ വിചിത്രരൂപകല്പനകൾ വരെ ഈ ചിത്രീകരണവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

മനുഷ്യചിന്തയുടെ ആരംഭം മുതൽ അവനെ മഥിച്ചിരുന്ന ഒരു പ്രശ്നമാണ് സ്വന്തം അസ്ഥിത്വത്തെയും പ്രപഞ്ചജീവിതത്തിൽ അതിനുള്ള പ്രസക്തിയേയും കുറിച്ചുള്ള ചിന്ത സ്വന്തം ചുറ്റുപാടുകൾക്കനുസരണമായും വിശ്വാസങ്ങളുടെ അടിസ്ഥാനത്തിലും ജീവിതത്തെ നിർദ്ധാരണം ചെയ്യാനും സ്വന്തം അസ്തിത്വത്തെ വിശദീകരിക്കാനും മനുഷ്യൻ എന്നും ശ്രമിച്ചു പോന്നു. തൽഫലമായി പാശ്ചാത്യവും പൗരസ്ത്യവുമായ ഒട്ടേറെ തത്വങ്ങൾ മനുഷ്യാസ്തിത്വത്തെ സംബന്ധിച്ചു നമുക്ക് ലഭ്യമായി. ഇവയുടെ അടിസ്ഥാനസ്വഭാവം മനസ്സിലാക്കിയതിനുശേഷം മാത്രമേ ഖസാക്കിന്റെ ഇതിഹാസത്തിന്റെ ആന്തരികതലത്തിലേക്ക് നമുക്ക് പ്രവേശിക്കുവാനാകൂ.

**സ്വത്വാന്വേഷണം പൗരസ്ത്യചിന്തയിൽ**

വേദകാലത്തുതന്നെ മനുഷ്യൻ സ്വന്തം അസ്തിത്വത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചുമൊക്കെ മനനം ചെയ്യാനും ദർശനങ്ങൾ അവതരിപ്പിക്കാനും ശ്രമിച്ചിരുന്നു. ബാഹ്യമായതൊക്കെ അനിത്യവും ചഞ്ചലവും അസത്യവുമാണെന്ന തോന്നൽ  അവരെ നിത്യസത്യത്തിലേക്കുള്ള അന്വേഷണത്തിലേക്കു നയിച്ചു. പ്രപഞ്ചത്തിൽ പ്രകടമായിക്കാണുന്ന അവസ്ഥകളൊക്കെ ക്ഷണികമായ മായയാണെന്നും ഈ കാഴ്ചകൾക്കപ്പുറത്തേക്കാണ് കടക്കേണ്ടതെന്നും അവർക്കറിയാമായിരുന്നു. വ്യക്തിയുടെ ഉള്ളിലുള്ള ആത്മതത്വവും പ്രപഞ്ചത്തിന്റെ ഉണ്മയായ ബ്രഹ്മവും അവർ കണ്ടെത്തിയത് 'നേതി നേതി' എന്ന് പ്രപഞ്ചയാഥാർത്ഥ്യങ്ങളെ നിഷേധിച്ചുകൊണ്ടാണ്. കേനോപനിഷത്തിൽ ബ്രഹ്മത്തെ അഥവാ പരമാത്മാവിനെ വർണ്ണിച്ചിട്ടുള്ളത് വാക്കുകൾക്കും ചിന്തയ്ക്കും അതീതമായ ഒന്നെന്ന നിലയിലാണ്. എങ്കിലും ലോകത്തെ എല്ലാ ശക്തികളുടെയും ആത്യന്തിക സ്രോതസ്സും  ലോകത്തിനുള്ള എല്ലാ സവിശേഷതകളുടെയും ആത്യന്തികമായ അടിസ്ഥാനവുമാണ് അത്. ഐന്ദ്രിയാനുഭവത്തിനും യുക്തിയുക്തമായ ചിന്തയ്ക്കും അത് അതീതമാണെങ്കിലും ദിവ്യാനുഭൂതിയിലൂടെ ബ്രഹ്മത്തെ സാക്ഷാത്കരിക്കാവുന്നതാണ്. ഈ ബ്രഹ്മം മനുഷ്യഹൃദയത്തിന്റെ അടിത്തട്ടിലും സ്ഥിതിചെയ്യുന്നതായി കഠോപനിഷത്ത് വിവരിക്കുന്നു. ആന്തരമായ ഈ അസ്തിത്വം നിത്യവും അനശ്വരവുമാണ്. മനസ്സിനും ശരീരത്തിനും സംഭവിക്കുന്ന യാതൊന്നും ഇതിനെ ബാധിക്കുന്നില്ല. മതപരമായ ഒരുതരം അനുഭൂതിയിലൂടെയാണ് ഈ സത്യം അറിയുന്നത്. ചുരുക്കത്തിൽ പ്രപഞ്ചത്തിന്റെ യഥാർത്ഥസ്വഭാവം ഏകമാണെന്നും ആ ഏകത ആത്മീയമാണെന്നുമാണ് ഭാരതീയ തത്വചിന്തയുടെ നിലപാട്. പരമമായ ഇത്തരമൊരു തത്വത്തെക്കുറിച്ചുള്ള അറിവ് മനുഷ്യനെ കടുത്ത നിരാശയിൽ  നിന്നും തീക്ഷ്ണമായ ശൂന്യതാബോധത്തിൽ നിന്നും രക്ഷിക്കുന്നുണ്ട്. അനിശ്ചിതവും അനിത്യവുമായതിനെയൊക്കെ മായ എന്ന് തള്ളിക്കളഞ്ഞുകൊണ്ട് നിത്യമായ പരമസത്യത്തിൽ നിന്ന് സൃഷ്ടികളുടെ നിസ്സാരതയിലേക്ക് ഇറങ്ങി വരാൻ മനുഷ്യനു സാധിക്കുന്നു. ഈ ചിന്തയെ അടിസ്ഥാനമാക്കി അനിത്യാനുഭവങ്ങളിൽ സാക്ഷിത്വവും കർമ്മങ്ങളുടെ ഗുണദോഷങ്ങളിൽ നിർമ്മമത്വവും ദീക്ഷിക്കാൻ മനുഷ്യമനസ്സ് പാകമാവുകയാണ്. ഈ നിഷേധം നിരാശാബോധത്തിൽ നിന്നുളവാകുന്നതല്ല. മറിച്ച് വിവേകപൂർണ്ണമായൊരു യുക്തിയുടെ അടിസ്ഥാനത്തിലുള്ള തള്ളിക്കളയലാണ്. മനുഷ്യന് എന്നും പിടി തരാതെ നിൽക്കുന്ന ജനനമരണങ്ങളെപ്പോലും നിർദ്ധാ

രണം ചെയ്യുവാൻ ഈ യുക്തിക്ക് കഴിയും. അനിത്യമായത് ആത്മാവു മാത്രമാണ്. ശരീരവും അതുമായി ബന്ധപ്പെട്ട അനുഭവങ്ങളുമൊക്കെ നശ്വരമാണ്. അനിത്യമായതിന്റെ രൂപഭേദങ്ങൾ പരിണാമവിധേയമായി പ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. അതായത് ജനിക്കുന്നതിനു മുമ്പും മരിച്ചതിനുശേഷവും ആത്മാവിനു മാറ്റമില്ല. അത് ദേഹങ്ങളെ മാറി മാറി സ്വീകരിക്കുന്നുവെന്നു മാത്രം. പുനർജ്ജന്മസിദ്ധാന്തവും സാർത്ഥകമാകുന്നത് ഈ തത്വത്തിലാണ്. നിഷ്കാമ കർമ്മത്തെക്കുറിച്ചുള്ള തത്വവും അനിത്യതയെ അവഗണിച്ചു നിയോഗമനുസരിച്ചുള്ള കർമ്മം ചെയ്യലാണ്. ചുരുക്കത്തിൽ പ്രപഞ്ചത്തിന്റെ അവ്യവസ്ഥകളെയൊക്കെ നാനാത്വമെന്ന വിശദീകരണത്തിലൊതുക്കി പരമമായൊരു ഏകത്വത്തിന്റെ ഭാഗമാക്കി അവയെ തുച്ഛീകരിച്ചു കളയാൻ ഭാരതീയ ചിന്തയ്ക്കു കഴിഞ്ഞു. ഭാരതീയരെ അകർമ്മണ്യതയിലേക്കും നിരാശയിലേക്കും വിരസഭാവത്തിലേക്കും തള്ളിയിടാതെ ശുഭാപ്തി വിശ്വാസികളാക്കിയത് ഈ ആത്മതത്വമാണ്.

**സ്വത്വാന്വേഷണം പാശ്ചാത്യദൃഷ്ടിയിൽ**

പത്തൊമ്പതാം നൂറ്റാണ്ടിലാണ് അസ്ഥിത്വവാദം ഒരു സിദ്ധാന്തമായി പാശ്ചാത്യലോകത്തേക്ക് കടന്നുവരുന്നത്. പ്രധാനമായും മൂന്ന് അവസ്ഥകളാണ് ഇതിനു കാരണമായി ഭവിച്ചത്. ഒന്നാമത്തേത് അന്നത്തെ സവിശേഷ ദാർശനീകാവസ്ഥയായിരുന്നു. ദാർശനിക പശ്ചാത്തലത്തിലായാലും ശാസ്ത്ര പശ്ചാത്തലത്തിലായാലും വ്യക്തിയെ വ്യക്തിയായോ വിഷയത്തെ വിഷയമായോ ഗ്രഹിക്കാനാവുന്നില്ല എന്ന അറിവായിരുന്നു ആദ്യ പ്രശ്നം. വിഷയത്തെയല്ല, വിഷയത്തിന്റെ ഗുണദോഷങ്ങളെയാണ് യുക്തി മനസ്സിലാക്കുന്നത്. ശാസ്ത്രകാരനും ഒരു വ്യക്തിത്വമല്ല, മറിച്ച് ഒരു വസ്തു മാത്രം. രണ്ടാമത്തെ കാര്യം ക്രിസ്തുമതത്തിന്റെ തത്വങ്ങളിൽ ഉറച്ചുനിന്ന വിശ്വാസത്തിന്റെ തകർച്ചയായിരുന്നു. നീതിയുടെ അവതാരമായ ദൈവവും നീതിരഹിത്മായ ലോകവും പൊരുത്തപ്പെട്ടു പോകുന്നില്ല എന്ന കണ്ടെത്തലിൽ നിന്നാണ് ഈ മതനിഷേധം രൂപമെടുത്തത്. ദൈവം മരിച്ചു എന്ന നീഷേയുടെ പ്രഖ്യാപനമോർക്കുക. വ്യക്തിയുടെ പ്രാധാന്യം നഷ്ടപ്പെട്ടു പോകുന്ന ആധുനിക ജീവിതരീതിയായിരുന്നു മൂന്നാമത്തെ പ്രശ്നം. സമൂഹം അതിവേഗം പുരോഗമിക്കുന്നു. യന്ത്രവത്കൃത സമൂഹത്തിൽ വ്യക്തിക്കും യന്ത്രത്തിന്റെ പ്രാധാന്യമേയുള്ളൂ. ഈശ്വര നിഷേധത്തോടെ മൂല്യസങ്കല്പങ്ങളും സമൂഹത്തിന്റെ വിലക്കുകളും തകിടം മറിഞ്ഞു. ഇവയൊന്നും ബാധകമല്ലാത്ത യാന്ത്രികജീവിത്തിൽ സമൂഹം വെറും ആൾക്കൂട്ടമായി മാറി. അപ്പോൾ വ്യക്തികൾ അശരണരും ഏകാകികളുമായി മാറി. ഈ അവസ്ഥയിൽ വ്യക്തി സമൂഹത്തിൽ നിന്നകലുന്നതു സ്വാഭാവികം മാത്രം. സമൂഹത്തിൽനിന്നകലുന്ന മനുഷ്യൻ തന്നിലേക്കു തന്നെയാണ് തിരിയുന്നത്. ഇങ്ങനെ നോക്കുമ്പോഴും അവൻ അസംതൃപ്തനാകുകയാണ്. ജനനവും മരണവും അനൈച്ഛികമാണ്. ഇടയിലുള്ള ജീവിതം യുക്തിരഹിതവും. മരണം മാത്രമാണ് നിത്യസത്യം. അതാകട്ടെ സദാ മനുഷ്യനെ തന്റെ ദുരന്തമായി നിന്ന് ഭീഷണിപ്പെടുത്തുന്നു. മനസ്സിന്റെ മഹത്വത്തെക്കുറിച്ച് മനുഷ്യൻ വച്ചു പുലർത്തിയിരുന്ന ധാരണകളൊക്കെ ഫ്രോയ്ഡിന്റെ മനശ്ശാസ്ത്ര തത്വങ്ങൾ തകിടം മറിച്ചു. വസ്തുനിഷ്ഠമായി ഗുണങ്ങൾ പ്രവചിക്കാവുന്ന ഒന്നു മാത്രമായി മനുഷ്യമനസ്സ്. ദിക്കും സമയവും മൂല്യങ്ങളുമൊക്കെ ആപേക്ഷികമാണെന്ന് ഐൻസ്റ്റീൻ സ്ഥാപിച്ചു. ആറ്റംബോംബിന്റെ കണ്ടുപിടുത്തം, ഒന്നാം ലോകമഹായുദ്ധം റഷ്യൻ വിപ്ളവം എന്നിവയൊക്കെ മനുഷ്യന്റെ അഹംബോധത്തേയും അവന്റെ നന്മയിലുള്ള വിശ്വാസത്തേയും തകർത്തുകളഞ്ഞു. ചുരുക്കത്തിൽ ഒന്നിനും ഒരു ക്രമവുമില്ല.

ഒന്നിലും ആർക്കും വിശ്വസിക്കാനുമാവുന്നില്ല. ഇത്തരമൊരു ജീവിതത്തെയാണ് അസംബന്ധമായി ആധുനികൻ ദർശിക്കുന്നത്. അബ്സേർഡ് യുക്തിക്കതീതമായ, സംഖ്യയിലൊതുങ്ങാത്ത അളവാണല്ലോ. ഇപ്രകാരം ആധുനികമായൊരു ലോകത്തിൽ മനുഷ്യൻ അശരണനും ഏകാകിയും നിസ്സഹായനുമാണ്. ജീവിച്ചിരിക്കുന്നു എന്ന ഒറ്റ ഗുണം മാത്രമാണ് അവന് സ്വന്തമായുള്ളത്. എക്സിസ്റ്റൻഷ്യൻലിസ്റ്റ് ചിന്താഗതിയിൽ അവന്റെ വിധാതാവ് അവൻ തന്നെ. തന്റെ കർമ്മങ്ങളിലൂടെ മറ്റുള്ളവരോടു പൊരുതി വേണം അവനു തന്റെ അസ്ഥിത്വം ഉറപ്പിക്കാൻ. ആവർത്തിക്കപ്പെടുന്ന കർമ്മങ്ങളുടെ യാന്ത്രികത അവനെ ജീവിതം അർത്ഥശൂന്യമെന്ന തിരിച്ചറിവിലേക്കാണ് നയിക്കുന്നത്.

പക്ഷേ ഇങ്ങനെ കർമ്മങ്ങളിലൂടെ മാത്രം സ്വയം അസ്ഥിത്വം രേഖപ്പെടുത്തുമ്പോഴും ക്രമവും വ്യവസ്ഥയുമുള്ള ഒരു ലോകം അവന്റെ സങ്കല്പത്തിലുണ്ട്. ഈ സങ്കല്പവും സമൂഹത്തിന്റെ താറുമാറായ അവസ്ഥയും തമ്മിലുള്ള പൊരുത്തക്കേടാണ് അബ്സേർഡ് എന്നാണ് കാമു പറയുന്നത്. എന്തായാലും കീർക്കേഗാർഡിലാരംഭിച്ച് സാർത്രും കാമുവുമൊക്കെ പ്രചരിപ്പിച്ച ഈ ദർശനത്തിനും മനുഷ്യനെ ശുഭാപ്തിവിശ്വാസിയാക്കാൻ കഴിഞ്ഞില്ല. ജീവിതത്തിന്റെ മടുപ്പും മരവിപ്പുമാണ് അവൻ അനുഭവിച്ചത്. കർമ്മങ്ങളിൽ നിസ്സംഗനും അനുഭവങ്ങളിൽ സാക്ഷിയുമാകാൻ അവനെ പ്രേരിപ്പിക്കുന്നത് ഈ ഏകാകിതയും നിരാശയും ശൂന്യതയും നിറഞ്ഞ ജീവിതം തന്നെ.

കേരളത്തിലും ഈ പാശ്ചാത്യാവസ്ഥയുടെ അനുരണനങ്ങളുണ്ടായി കേവലമായ അനുരണനം മാത്രമായിരുന്നില്ല അത്. അസംബന്ധബോധം ഏതു തെരുവുമൂലയിൽ വച്ചും ഏതു മനുഷ്യനും ഉണ്ടാകാവുന്നതാണ് എന്ന കാമുവിന്റെ വാക്കുകൾ ഓർമ്മിക്കുക. കേരളീയ ജീവിത സങ്കല്പം ഒരു ഗ്രാമീണാന്തരീക്ഷത്തിന്റെ ആർദ്രതയുടെ സുഖം ഉൾക്കൊള്ളുന്നുണ്ട്. ഗ്രാമീണതയുടെ അതിരുകൾ വിട്ട് ഒരു തൊഴിലിനായി വൻനഗരങ്ങളിൽ ചേക്കേറുന്ന അസംഖ്യം ആൾക്കാർ കേരളത്തിലുണ്ട്. തങ്ങളെത്തിപ്പെടുന്ന സാഹചര്യത്തിലെ നാഗരികയാന്ത്രിക പരിതസ്ഥിതികളിൽ മടുപ്പും ഏകാന്തതയും ഗൃഹാതുരതയും അന്യഥാത്വവും അവരെയും കേരളത്തിലെ അവരുടെ കുടുംബത്തെയുമൊക്കെ ബാധിക്കുന്നു. വിലകെട്ടുപോകുന്ന സ്വന്തം വ്യക്തിത്വത്തെക്കുറിച്ചും ഈ നഗരജീവികൾ വിലപിക്കുന്നു.

കൂട്ടുകുടുംബവ്യവസ്ഥയുടെ ഭാഗമായി സഹായിച്ചും പൊരുത്തപ്പെട്ടും അന്യോന്യം ആശ്രയിച്ചും കഴിഞ്ഞ വ്യക്തി മനസ്സുകൾ ഈ വ്യവസ്ഥയുടെ തകർച്ചയ്ക്കുശേഷം അണുകുടുംബങ്ങളിൽ കടുത്ത ഏകാകിതയും നിരാശ്രയത്വവും അനുഭവിക്കുന്നു. പാശ്ചാത്യ ചിന്താധാരകളും സംസ്ക്കാരവുമായി സമ്പർക്കപ്പെടുന്ന മലയാളിയും അയുക്തികവും ക്രമരഹിതവുമായ ഈ ജീവിതത്തെക്കുറിച്ചുള്ള ധാരണകളിൽ അസംതൃപ്തനാണ്. ചുരുക്കത്തിൽ മലയാളത്തിൽ അവതരിപ്പിക്കപ്പെട്ട ആധുനികതയിലും പാശ്ചാത്യമായ ഇദന്താന്വേഷണത്തിന്റെ സ്വഭാവം സ്വാധീനം ചെലുത്തുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം ഖസാക്കിന്റെ ഇതിഹാസം വായിച്ചെടുക്കാൻ.

**ഖസാക്കിന്റെ ഇതിഹാസം**

മലയാള നോവലിൽ ആധുനികത അതിന്റെ സംപൂർണ്ണാർത്ഥത്തിൽ ആദ്യം രേഖപ്പെടുത്തുന്ന നോവൽ ഖസാക്കിന്റെ ഇതിഹാസമാണ്. അസ്ഥിത്വബോധത്തിന്റെയും ജീവിതാന്വേഷണത്തിന്റെയും തീക്ഷ്ണമായ അവതരണം ഖസാക്കിന്റെ ഇതിഹാസത്തിലേതുപോലെ മറ്റൊരു നോവലിലും കാണാൻ സാധിക്കില്ല. ഈ ആവിഷ്ക്കരണത്തിലാ

കട്ടെ പാശ്ചാത്യവും പൗരസ്ത്യവുമായ ഇദന്താന്വേഷണത്തിന്റെ സ്വഭാവം സംയോജിപ്പിച്ചിരിക്കുകയുമാണ്.

നായകനായ രവി കൂമൻകാവിൽ ബസ്സിറങ്ങുന്നിടത്താണ് നോവൽ ആരംഭിക്കുന്നത്. ഒടുവിൽ സർപ്പദംശനമേറ്റ് ബസ്സ് കാത്തുകിടന്നു എന്നു കൂടിപ്പറയുമ്പോൾ ഈ ബസ്സ് ജനനമരണങ്ങളിലേക്കുള്ള വാഹനത്തിന്റെ പ്രതീകമായി മാറുന്നു. പ്രപഞ്ചഘടകങ്ങളുടെ സമവായമായാണ് ഖസാക്ക് അവതരിപ്പിക്കപ്പെടുന്നത്. പ്രപഞ്ചത്തിന്റെ ഒരു ഛേദചിത്രമായി ഖസാക്ക് നിരൂപണം ചെയ്യപ്പെടുന്നുണ്ട്. അതായത് ഖസാക്കിൽ രവി ജനിക്കുന്ന പ്രതീതിയാണ്. നോവൽ നൽകുന്നത്. ഖസാക്കിലേക്ക് വരുന്നതിനുള്ള പശ്ചാത്തലം നോവലിസ്റ്റ് ചുരുക്കം വാക്യങ്ങളിൽ കോറിയിടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം അയാൾ ഉപനിഷത്തിന്റെയും അസ്ട്രോഫിസിക്സിന്റെയും രംഗത്ത് ഗവേഷണം നടത്തുകയായിരുന്നു എന്നതത്രേ. ആധുനികവും യുക്തിപരവുമായ സത്യങ്ങളുടെ അന്വേഷണത്തിലാണയാൾ അസ്ട്രോഫിസിക്സിൽ മുഴുകിയത്. ഒപ്പം ഉപനിഷത്ത് കാണിച്ചു തരുന്ന അയുക്തിക സത്യങ്ങളും രവിയ്ക്ക് അന്യമല്ല. പക്ഷേ ഗവേഷണത്തിനുള്ള ഫെലോഷിപ്പോടെ വിദേശത്തേയ്ക്കു പോകുവാൻ തിരിച്ച രവി തീവണ്ടിമുറിയിൽ നിന്നും ഒളിച്ചോടി ഖസാക്കിലെത്തുകയാണ്. ഈ അന്വേഷണങ്ങളിലൊന്നും സംതൃപ്തി ലഭിക്കാതെ കടുത്ത ശൂന്യതാബോധവുമായി ഖസാക്കിലേക്ക് പ്രവേശിക്കുന്ന രവി തികച്ചും നിർമ്മമനാണ്. കടുത്ത പാപബോധത്തിന്റെ ഇരകൂടിയാണയാൾ. ചിറ്റമ്മയുമായുള്ള വേഴ്ചയുടെ ദുശ്ചരിതം അയാൾ സ്മരിക്കുന്നു. പക്ഷേ ഇതൊരു തീവ്രമായ കുറ്റബോധമല്ല. മറിച്ച് "ആരാൽ പ്രയുക്തനായിട്ടാണ് മനുഷ്യൻ പാപം ചെയ്തുപോകുന്നത്?" എന്ന പഴയ ചോദ്യത്തിന്റെ ആവർത്തനം മാത്രമാണ്. ക്രിസ്ത്യൻ സങ്കല്പമനുസരിച്ച് ഓരോ മനുഷ്യനും തന്റെ ഭാഗധേയമൊന്നുമില്ലാതെ തന്നെ ആദിപാപത്തിന്റെ ശാപത്തിലാണ് ജനിക്കുന്നതു തന്നെ. രവിയുടെ ഖസാക്കിലെ ജനനത്തിൽ അന്തർനിഹിതമായ ആദിപാപം തന്നെ ഇത്. രവിയുടെ വീടിനുചുറ്റുമുള്ള പ്രകൃതി വർണ്ണനയിൽ ഏദൻതോട്ടത്തിന്റെയും ആ പാപത്തിന്റെ ഫലമായ പറുദീസാ നഷ്ടത്തിന്റെയും സൂചനകളാണ്. ചിറ്റമ്മയെ "അറിഞ്ഞു" എന്ന പ്രയോഗം ബൈബിൾ പശ്ചാത്തലം കൊണ്ടുവരുന്നുമുണ്ട്. ഈ ബന്ധം നിവേദിത, കോടച്ചി, മൈമുന എന്നിവരിലൂടെയൊക്കെ നോവലിൽ പരന്നു കിടക്കുന്നു. അധപതനത്തിലൂടെയും സ്വയം നിഷേധത്തിലൂടെയും ആചാരഭ്രംശത്തിലൂടെയും നേടിയെടുക്കാവുന്ന ഒരുതരം ശ്രേഷ്ഠത, തന്റെ ശ്രേഷ്ഠതയായി ആധുനികൻ കാണുന്നു എന്ന നീഷേയുടെ സങ്കല്പം നമുക്കിവിടെ ഓർക്കാം.

ഖസാക്കിലെ ജീവിതത്തിൽ അകൽച്ചയും ദുഃഖവും മാത്രം ശേഷിക്കുന്ന കർമ്മപരമ്പരകളുടെ നിത്യദുഃഖത്തെയാണ് രവി കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത്. രവിയുടെ പിതാവിൽ നിന്നുള്ള വിയോഗം, ജീവബിന്ദുക്കളായ സഹോദരങ്ങളുടെ വിയോഗം, പദ്മയുമായുള്ള വിയോഗം, കുട്ടിക്കാലത്തെ മാതൃനഷ്ടം ഇവയൊക്കെയും വിശദീകരിക്കുന്നത് ഈ പ്രമേയം തന്നെ. ഈ വിയോഗങ്ങളെയൊക്കെ രവി തീർത്തും നിസ്സംഗനായാണ് നേരിടുന്നത്. ഒരു സാക്ഷിയുടെ ഭാവമാണ് രവിയും നോവലിസ്റ്റും പുലർത്തുന്നത്. കുരുക്ഷേത്രയുദ്ധഭൂമിയിലെ സംഭവങ്ങൾ ധൃതരാഷ്ട്രരോടു വിവരിക്കുന്ന സഞ്ജയനെപ്പോലെ. ഈ സാക്ഷിത്വവും സകലതും മായ എന്ന ആശയത്തിന്റെ സന്താനമാണ്. എന്നാൽ ആധുനികതയിൽ ഈ സാക്ഷിത്വം ഭീകരമായ ശൂന്യതാബോധത്തിന്റെയും അസ്ഥിത്വവ്യവസ്ഥയുടെയും ഉല്പന്നമാണ്. സ്വന്തം ഇച്ഛയ്ക്കതീതമായ കർമ്മശൃംഖലകളും, അനി

വാര്യമായി ഏറ്റുവാങ്ങേണ്ടിവരുന്ന പാപശാപങ്ങളും വിശദീകരിക്കാനാവാത്ത ജീവിതത്തിന്റെ അഴിയാക്കുരുക്കുകളുമൊക്കെ അസ്വസ്ഥത നൽകുമ്പോൾ അതിനേറ്റവും സമർത്ഥമായ ഒരു വിശദീകരണം എന്ന നിലയിൽ പൗരസ്ത്യതത്വശാസ്ത്രം കണ്ടെത്തിയിട്ടുള്ള ഒന്നാണ് പുനർജ്ജന്മസിദ്ധാന്തം. ഈ സിദ്ധാന്തത്തെ പിന്താങ്ങുന്ന വിജയൻ ഖസാക്കിന്റെ ഇതിഹാസത്തിൽ ഈ ആശയം മുന്നോട്ടു വയ്ക്കുന്നു. "രവി കൂമൻകാവിൽ ബസ്സിറങ്ങി", "ബസ്സ് വരാനായി രവി കാത്തുകിടന്നു" എന്നൊക്കെ പറയുമ്പോൾ ഖസാക്കിൽ വരുന്നതിനു മുമ്പും രവി ഉണ്ടായിരുന്നുവെന്നും ഖസാക്കിൽ നിന്നും രവി മറ്റൊരിടത്തേയ്ക്കാണ് പോകുന്നതെന്നുമുള്ള സൂചനയുണ്ട്.

ജീവബിന്ദുക്കളിൽ അനുജത്തി ജ്യേഷ്ഠത്തിയോടു ചോദിക്കുന്നുണ്ട്. ഇതിന്റെ അപ്പുറം കാണണ്ടേ? ഈ അപ്പുറം പരിണാമത്തിന്റെ ഓരോ ഘട്ടങ്ങളാണ്. ജ്യേഷ്ഠത്തി സസ്യചേതനയായും (ചെമ്പകമരം) അപ്പുറത്തേക്കു സഞ്ചരിച്ച അനുജത്തി മനുഷ്യചേതനയായും (പെൺകുട്ടി) തീരുന്നത് പിന്നീട് നാം വായിക്കുന്നു. ഈ പരിണാമത്തിന്റെ ഇടയിലെവിടെയോ നിന്നുപോയ ജീവനാണ് അപ്പുക്കിളിയുടേത്. ഇതേ പരിണാമസിദ്ധാന്തം തന്നെയാണ് വസൂരി ബാധിച്ചു മരിച്ച കുട്ടികളുടെ പേരിന് താഴെ പച്ചമഷികൊണ്ട് വരയ്ക്കുന്നതും പുറത്ത് പുൽനാമ്പുകൾ പുതുതായി മുളച്ചു വരുന്നതും സൂചിപ്പിക്കുന്നത്. മറ്റേതോ ജന്മത്തിന്റെ അവസ്ഥ ഇന്നും പിൻതുടരുന്ന അഞ്ചു വയസ്സുള്ള ദേവകിയും കണ്ണമ്മയും തമ്മിലുള്ള സംഭാഷണവും ഈ അവസ്ഥാന്തരങ്ങളുടെ സൂചനയാണ് നൽകുന്നത്.

"അമ്മയ്ക്ക് നെനവില്ലമ്മേ? അന്ന് കൊളക്കടവില്? എന്ന് മകളേ" കണ്ണമ്മ ചോദിച്ചു.

അന്ന്, അന്ന്, ഒരു പാടന്ന്, അമ്മ കുളിക്കുമ്പോ ഞാനതിലേ പറ്റിപ്പറ്റി വന്നീലമ്മാ? കണ്ണമ്മ പെട്ടെന്നോർത്തു. അഞ്ചു കൊല്ലവും പത്തുമാസവും മുമ്പ് ഒരു സന്ധ്യ. അവൾ കുളക്കടവിൽ ഒറ്റയ്ക്ക് കുളിച്ചു നിൽക്കെ കുളത്തിന്റെ മേടുതാങ്ങി ഒരു ശ്മശാനഘോഷയാത്ര കടന്നു പോകുകയായിരുന്നു. ജലത്തിന്റ ചില്ലുവാതിലുകൾ ഓരോന്നായി തുറന്ന് മുങ്ങാങ്കോഴിയെന്ന ചുക്രു റാവുത്തർ മറ്റേതോ ലോകത്തിലേക്ക് കടക്കുന്നു എന്ന വിവരണവും ഇതേ ആശയത്തെ സൂചിപ്പിക്കുന്നു.

ആധുനിക മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തെക്കുറിച്ചുള്ള നിരർത്ഥകതാ ബോധ്യത്തിന് ഏറ്റവും പ്രധാനമായ കാരണം അവന്റെ മരണചിന്തയാണ്. ചുരുക്കത്തിൽ മരണമെന്ന യാഥാർത്ഥ്യത്തിലേക്കുള്ള ഒരു ഒഴുക്കു മാത്രമാണ് ജീവിതം. തന്റെ ഇച്ഛാശക്തിയേയും വ്യക്തിത്വത്തെക്കുറിച്ചുള്ള അഹംബോധത്തെയും ശക്തിയായി പരിഹസിച്ചുകൊണ്ടാണ് മരണത്തിന്റെ നില. ഇതൊരാത്യന്തിക നാശമല്ലെന്നും പ്രകൃതിയുടെ നിയമം മാത്രമായ ഒരു പരിണാമമാണെന്നും അതിൽ ദുഃഖിക്കേണ്ടതില്ലെന്നും വിശ്വസിപ്പിക്കാനുള്ള മനുഷ്യമനസ്സിന്റെ ഒരു തന്ത്രം കൂടിയാണീ പുനർജ്ജന്മസങ്കല്പം. മരണകാരണങ്ങളെ നോവലിൽ തുച്ഛീകരിച്ചു കാണിക്കുന്നതും ഇതേ ദർശനത്തിന്റെ ഭാഗമായാണ്. മൊല്ലാക്കയുടെ കാൽവിരലിലെ അർബുദം ചെരിപ്പു കടിച്ചതാണെന്ന വിശേഷണം, വസൂരിക്കുരുക്കളിലെ ചലവും ഗന്ധവും ജമന്തിപ്പൂക്കളുടെ ഉപമാനം കൊണ്ടു സുഖകരമാക്കുന്ന ചിത്രീകരണം എന്നിവയോർക്കാം. ഇതിന്റെ ആത്യന്തിക പരിണാമമെന്ന നിലയ്ക്കാണ് സകല നിരർത്ഥകതാ ബോധത്തിന്റയും അന്ത്യത്തിൽ പരിഹാരമെന്ന വിധം രവി സർപ്പദംശനമേറ്റു വാങ്ങുന്നത്. സർപ്പദംശനം അവതരിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന ഉണ്ണിക്കുട്ടന്റെ പല്ലുമുളയ്ക്കുമ്പോഴുള്ള കുസൃതി, വിങ്ങിച്ചിരിച്ചു. വാൽസല്യം, കൗതുകം തുടങ്ങിയ പ്രയോഗങ്ങൾ മരണം കീഴടക്കുന്ന മനുഷ്യ

നെയല്ല, മരണം സന്തോഷപൂർവ്വം അവസ്ഥാന്തരം എന്ന നിലയിൽ ഏറ്റുവാങ്ങുന്ന മനുഷ്യനെയാണ് കാട്ടിത്തരുന്നത്.

ജീവിതത്തെക്കുറിച്ചുള്ള നിരാശതയിലാണ് നിർവ്യക്തികത കടന്നു വരുന്നത്. ഒന്നിനോടും ആസക്തിയില്ലാതെ, മമതയില്ലാതെ സ്വന്തം ജീവിതത്തിൽ തന്റേതായ ഭാഗധേയം നിസ്സാരമെന്ന തോന്നലിൽ രവി ഖസാക്കിൽ ജീവിക്കുന്നത് വിജയൻ കാണിച്ചു തരുന്നു. ചില വിവരണങ്ങൾ നോക്കുക.

"ഹോൾഡോളിന്റെ പുറത്തു പതിഞ്ഞിരുന്ന അഴുക്കു പാടുകളിലേക്കു രവി നോക്കി. അതൊക്കെ സോഡാപ്പൊടിയും ചൂടുവെള്ളവുമൊഴിച്ച് കഴുകിക്കളയാമെന്നോ മറ്റോ അയാൾ നിശ്ചയിച്ചു."

"മൊല്ലാക്ക തിരിഞ്ഞ് ചായപ്പീടികയുടെ അകത്തേയ്ക്ക് നടന്നു. ആറിത്തണുത്ത് രണ്ടീച്ചകൾ ചത്തുപാറി ചായപ്പാത്രത്തിനു മുന്നിൽ കമഴ്ന്നിരുന്നു. പീടികയ്ക്കകത്ത് ഇപ്പോൾ രണ്ടു കാരണവന്മാർ മാത്രം ശേഷിച്ചിരുന്നു."

"ഈ കിളിയ്ക്ക് എന്നും അന്തിയാണ് മാഷേ." മാധവൻ നായർ പറഞ്ഞു. "എന്നാലോ കൂടൊട്ടു പറ്റാറുമില്ല"

"ആരും കൂടു പറ്റാറില്ല മാധവന്നായരേ"

"നേരാ മാഷേ"

ജീവിതത്തിന്റെ യാന്ത്രികതയും വൈരസ്യവും ഒപ്പം വിഫലതയുടെ നിരാശയുമൊക്കെ ഈ ചിത്രീകരണങ്ങളിലുണ്ട്. സ്വാമിനിയുടെ കാവിക്കച്ച ചുറ്റിയുള്ള രവിയുടെ യാത്ര ലൗകികസുഖഭോഗങ്ങളുടെയും അതിനെ ആത്മീയതയിൽ പൊതിയുന്ന ഭാരതീയതയുടെയും പ്രതീകമായി കണക്കാക്കാം.

ജീവിതത്തിന്റെ സത്യമന്വേഷിക്കുന്ന നായകന് രവി എന്നു പേരിട്ടതിൽ ഔചിത്യമുണ്ട്. പ്രപഞ്ചരഹസ്യങ്ങളുടെ മറ നീക്കി കാണിക്കുന്നത് സൂര്യനാണല്ലോ. പ്രപഞ്ചത്തിന്റെ സത്യം മറ നീക്കി കാണിക്കാൻ പ്രാചീന ഋഷിമാർ പ്രാർത്ഥിച്ചിരുന്നത് സൂര്യനോടാണ്. ക്ഷണസംയോഗങ്ങളും വിപ്രയോഗങ്ങളുമൊക്കെ ചിത്രീകരിക്കുന്നതിന് രവിയുടെ കാമുകിയ്ക്ക് പദ്മ എന്ന നാമകരണം നൽകിയതും യാദൃശ്ചികമാകാനിടയില്ല. താമരയാണല്ലോ സൂര്യന്റെ കാമുകി. ചുരുക്കത്തിൽ രവി ഇദന്താന്വേഷണത്തിനുള്ള ഉപകരണമാണ്. ഒടുവിൽ സ്വന്തം അസ്ഥിത്വവും ജീവിതവും ദുർജ്ഞേയം എന്നു തന്നെ അറിയുമ്പോഴാണ് രവിയുടെ മരണം സംഭവിക്കുന്നതും രവി വിങ്ങിച്ചിരിക്കുന്നതും. "ഇത് ആനന്ദത്തിന്റെ ചിരിയല്ല, മനുഷ്യന്റെ ദാരുണമായ അവസ്ഥയുടെ നേർക്കുള്ള നിരാനന്ദത്തിന്റെ ചിരിയാണ്." എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുമുണ്ട്.

ജീവിതത്തിന്റെ അരക്ഷിതാവസ്ഥയിൽ നിന്നു രക്ഷപെടാൻ മനുഷ്യൻ അമ്മയുടെ ഗർഭപാത്രത്തിലേക്ക് മടങ്ങാനാഗ്രഹിക്കുന്നുവെന്ന് എറിക്ഫ്രോം ചിന്തിക്കുന്നുണ്ട്. രവിയുടെ അമ്മയുമായി ബന്ധപ്പെട്ട ചിന്തകൾ ഇതുമായി ചേർത്തുവായിക്കാം. മറ്റൊരു രംഗം നോക്കുക. ജീവിതത്തിന്റെ നിരർത്ഥകതയിൽ മനുഷ്യൻ അയുക്തിക സത്യങ്ങളിലേക്ക് തിരിയുന്ന കാഴ്ചയും അവിടെയും വ്യർത്ഥതയറിയുമ്പോഴുള്ള നോവും കുട്ടാടൻ പൂശാരിയുടെ അടുത്തു പോവാനുള്ള തീരുമാനത്തിൽ രവി പ്രകടിപ്പിക്കുന്നുണ്ട്. ഇവിടെയും ദേവിയുടെ ഗർഭപാത്രത്തിലേക്ക് മടങ്ങാനാണ് രവിയുടെ തീരുമാനം.

"നിരർത്ഥമായൊരു ദുഃഖത്തിനറുതി തേടാനോ? നിരർത്ഥമായ ദുഃഖത്തിന്റെ ധാരാളിത്തത്തിൽ ഖസാക്കിന്റെ പുള്ളിവെയിലിൽ വിശ്രമിച്ച താൻ എന്തേ പെട്ടെന്ന് ആ ദൈവപ്പുരയിലേക്ക് തിരിയാൻ? അവിടത്തെ ദേവതയോടു സാഹോദര്യം തോന്നിയിട്ട്, അവളും തന്നേപ്പോലെ ഒരഭയാർത്ഥിയാണെന്നറിഞ്ഞിട്ട്, സൃഷ്ടിസ്ഥിതിലയങ്ങളുടെ ദുരൂഹതയെ ഭയന്നാണ് പൂശാരിയുടെ നൈവേദ്യമുണ്ടുകൊണ്ട് അവളാ പുരയിൽ കുടി പാർത്തത്. യാഥാർത്ഥ്യത്തിന്റെയും മിഥ്യയുടോയും അപാരതകളിൽ നിന്ന് ഓടിയകന്ന താനും ഈ ഗ്രാമത്തിലെ ദൈവപ്പുരയിൽ അഭയം തേടുകയായിരുന്നു. അതിന്റെ ഗർഭത്തിൽ അവളുടെ കൂടെ ചുരുണ്ടുറങ്ങാൻ അവൾ കൊതിച്ചു. ആ സായൂജ്യത്തിലാകട്ടെ, അയാൾ അവളുമായി ദുഃഖം പങ്കിടുകയായി. അതോടെ അത് നിരർത്ഥമല്ലെന്ന് അയാളറിഞ്ഞു. മറിച്ച് അർത്ഥങ്ങൾക്കതീതമായി, പ്രതീകങ്ങൾക്കതീതമായി, അതു പടർന്നു പൊങ്ങി. അതിന്റെ പടർപ്പിൽ എല്ലാമെല്ലാമടങ്ങി. അതു പാപിയുടെ കറയായിരുന്നു. അനാഥശിശുവിന്റെ ഉരുകിയ മനസ്സായിരുന്നു. അറിവാരാഞ്ഞവന്റെ വ്യർത്ഥതയായിരുന്നു. അതിന്റെ വേരുകളൂന്നിയ മൂർദ്ധാവ് ഇതിനായി തപം ചെയ്തു. സ്നിഗ്ധമായ വാൾമുന, ഇത്തിരി വേദന".

ഖസാക്കിലെ കഥാപാത്രങ്ങൾക്കും യുക്തിയുടെയും അയുക്തികതയുടേയും സ്വഭാവമുണ്ട്. പരേതാത്മാക്കളായി ചിത്രീകരിക്കപ്പെടുന്ന തുമ്പികൾ, ദുശ്ചരിതം പേറുന്ന എട്ടുകാലികൾ, പരിണാമത്തിന്റെ ഏതോ ഘട്ടത്തിലെത്തി നിൽക്കുന്ന അപ്പുക്കിളി, ജലത്തിലേയ്ക്കാണ്ടുപോകുന്ന ചുക്രു റാവുത്തറെന്ന മുങ്ങാങ്കോഴി, ഇവയൊന്നും നമ്മുടെ സാധാരണ ചിന്തയ്ക്കു വഴങ്ങിത്തരാതെ ഭ്രമാത്മകമായൊരു ലോകത്തിന്റെ ചിത്രീകരണമായി മാറുന്നു. ഇത്തരമൊരു വ്യവസ്ഥയിൽ പാശ്ചാത്യവും പൗരസ്ത്യവുമായ വിശദീകരണങ്ങളൊക്കെ ഭാഗികം മാത്രമാവുന്നു. ഒടുവിൽ സനാതനവും അനിവാര്യവുമായ സാർവ്വജനീന സത്യം, മരണം, രവി ഏറ്റു വാങ്ങുന്നു. ഇതും ഒരു പരിണാമം മാത്രം. അതിനുള്ള പശ്ചാത്തലമായി മഴയും പുല്ലുകൾ കിളിർക്കുന്നതും വിജയൻ ചിത്രീകരിക്കുന്നുമുണ്ട്. രവി തിരയുന്ന സത്യവും പലതരത്തിലുള്ളതാണെന്നും രവി തന്നെ പറയുന്നുണ്ട്. നാനാത്വ സങ്കല്പം തന്നെ ഇത്.

"സത്തിയം പലത്" ഈ തിരിച്ചറിവാണ് ഖസാക്കിന്റെ ഇതിഹാസത്തിന്റെ പൊരുൾ. ഇത് രവി തന്നെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നുമുണ്ട്. ഈ അടിസ്ഥാനത്തിൽ തന്നെയാണ് പാശ്ചാത്യവും പൗരസ്ത്യവുമായ സ്വത്വബോധ സിദ്ധാന്തങ്ങൾ രവി സ്വീകരിക്കുന്നതും. ഒന്ന് മറ്റൊന്നിനേക്കാൾ മേലെയല്ല, രണ്ടും പര്യാപ്തവുമല്ല ജീവിതത്തെ നിർദ്ധാരണം ചെയ്യാൻ എന്ന കണ്ടുപിടുത്തമാണ് വിജയന്റെ ദർശനം.

## കുറിപ്പുകൾ

1. ഫാന്റസി ആന്റ് ദ ഒറിജിൻ ഓഫ് സെക്ഷ്വാലിറ്റി കഥയും ഫാന്റസിയും - വൽസലൻ വാതുശ്ശേരി ജ. 8 ലാപ്ളസ്, പൊണ്ടാലിസ്.
2. ഭാരതത്തിന്റെ സാംസ്കാരിക ധർമ്മം - ഹമീദ് വാസ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996 പുറം 26.
3. സാർത്രിന്റെ സാഹിത്യ സിദ്ധാന്തം - പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം, പ്രൊഫ. കെ. എം. തരകൻ - സാഹിത്യ പ്രവർത്തക സഹകരണ സംഘം, പുറം 294 - 95
4. നിരാനന്ദത്തിന്റെ ചിരി - മാറുന്ന മലയാള നോവൽ, കെ. പി. അപ്പൻ പുറം 52.
5. മുകുന്ദൻ, കാക്കനാടൻ, നാരായണ പിള്ള : ആധുനികതയും ഫാന്റസിയും കഥയും ഫാന്റസിയും - ഡോ. വത്സലൻ വാതുശ്ശേരി, പുറം 95
6. ഭഗവത്ഗീത - 3-ാം അദ്ധ്യായം

7. ഖസാക്കിന്റെ ഇതിഹാസം - പുറം 129 - ഡി. സി. ബുക്സ് 1990
8. ഖസാക്കിന്റെ ഇതിഹാസം - പുറം 78
9. മാറുന്ന മലയാള നോവൽ - കെ. പി. അപ്പൻ - പുറം 32
10. പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം - ഡോ. കെ. എം. തരകൻ - പുറം 452
11. ഖസാക്കിന്റെ ഇതിഹാസം - പുറം 34
12. ഖസാക്കിന്റെ ഇതിഹാസം - പുറം 108

**ഡോ. ഷൈല എബ്രഹാം**
പ്രിൻസിപ്പൽ-ഇൻ-ചാർജ്ജ്,
കെ. ജി. കോളേജ് , പാമ്പാടി

BASELIUS RESEARCHER
Journal of Interdisciplinary Studies and Research
Baselius College, Kottayam, Kerala, India.

ISSN No: 0975-8658
Vol. No. XIX No.2
July - December 2018

# ആനന്ദത്തിന്റെ പാരിസ്ഥിതികതലം

ആശാമോൾ എ.

വ്യത്യസ്തമായ വായനകൾ സാധ്യമാക്കുന്ന നോവലാണ് സാറാജോസഫിന്റെ ആളോഹരി ആനന്ദം. സമകാലിക വിഷയ വ്യവഹാരങ്ങളുടെ സമർത്ഥമായ വിന്യാസത്തിലൂടെയാണ് നോവൽ പുരോഗമിക്കുന്നത് സാറാജോസഫിന്റെ എല്ലാ കൃതികളിലുമെന്നതുപോലെ ഫെമിനിസ്റ്റ്,എക്കോഫെമിനിസ്റ്റ് വായനയ്ക്കൊപ്പം ഭിന്നലൈംഗിക ( LGBT) താല്പര്യങ്ങളെക്കൂടി മുൻനിർത്തിയുള്ള വായനയ്ക്ക് ഇവിടെ ഇടം ലഭിക്കുന്നുണ്ട്. നാലു ഭാഗങ്ങളിലായി എഴുതപ്പെട്ട ഈ നോവലിൽ സാറാജോസഫ് മറ്റു നോവലുകളിൽ നിന്നും വ്യതിരിക്തമായ ഒരു ശൈലി രൂപപ്പെടുത്തിയിരിക്കുന്നു. മനുഷ്യബന്ധങ്ങളെക്കുറിച്ച് ആത്യന്തികമായി ചർച്ച ചെയ്യുന്ന നോവൽ ആനന്ദത്തിന്റെ ഭിന്ന സാധ്യതകളെ വിശകലനം ചെയ്യുന്നു. ഭൂമി വാതുക്കൽ എന്ന കൃഷിയിടത്തെ വലയം ചെയ്ത് ജീവിതമെഴുതിയ കഥാനായകൻ തുല്യനീതി എന്ന ജനാധിപത്യാശയത്തിന്റെ വക്താവായി പലപ്പോഴും നിലകൊള്ളുന്നുണ്ട്. യഥാർത്ഥ പരിസ്ഥിതിബോധം സാമൂഹികമായ നീതി ഉറപ്പിക്കലാണ്. എല്ലാ ജീവജാലങ്ങളേയും ഒരേപോലെ സ്നേഹിക്കുവാനും ധാർമ്മികമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനും യഥാർത്ഥ പരിസ്ഥിതി സ്നേഹം മനുഷ്യനെ പ്രാപ്തനാക്കുന്നു. ഒരു സാമൂഹിക ജീവിയെന്ന നിലയിൽ മനുഷ്യന് മറ്റുള്ളവരുമായുള്ള ബന്ധം പരിസ്ഥിതി പ്രശ്നങ്ങളെ മനസ്സിലാക്കുന്നതിൽ പ്രധാനമാണെന്ന് സാമൂഹിക പരിസ്ഥിതി വാദം അവകാശപ്പെടുന്നുണ്ട്. പരിസ്ഥിതി പ്രശ്നത്തിന്റെ വേരുകൾ ഘടനാപരവും പ്രത്യയശാസ്ത്രപരവും മാത്രമല്ല മാനസികവും വൈകാരികവും കൂടിയാണെന്ന് സാമൂഹിക പരിസ്ഥിതിവാദത്തിന്റെ ഉപജ്ഞാതാവായ മൂഗേ ബുക് ചിൻ അഭിപ്രായപ്പെടുന്നു. ആളോഹരി ആനന്ദം പങ്കുവച്ചുകൊടുത്ത പോൾ എന്ന നായകന്റെ മാനസികവും വൈകാരികവുമായ തലങ്ങളെ ഭൂമി വാതുക്കൽ എന്ന കൃഷിയിടവുമായി ബന്ധിപ്പിച്ചു കൊണ്ട് തുല്യമായ സാമൂഹിക നീതി എന്ന ഗൗരവമായ പ്രശ്നത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കാൻ എഴുത്തുകാരിക്ക് കഴിഞ്ഞു. പ്രണയത്തെയും കുടുംബത്തെയും രതിയെയും വിശ്വസത്തെയും തൊഴിലിനെയും ആനന്ദം എന്ന വൈകാരികാവസ്ഥയുടെ കീഴിൽ കൊണ്ടുവരാൻ നോവൽ ശ്രമിക്കുന്നു. ഇത്തരം ആനന്ദമാണ് മനുഷ്യന് സാമൂഹിക ജീവി എന്ന നിലയിൽ സാമൂഹിക തുല്യത ഉറപ്പു വരുത്തുന്നത് എന്നും നോവൽ വിളംബരം ചെയ്യുന്നു. തുല്യനീതിയുടെയും സാമൂഹികമായ തുല്യ

പദവിയുടെയും അടിത്തറയിലൂടെയാണ് ലിംഗ-മത-സ്വയം നിർണ്ണയാവകാശങ്ങളെ നോവൽ വെളിപ്പെടുത്തുന്നത്. പരിസ്ഥിതി ഉൾപ്പെട്ട സമകാലിക പ്രശ്നങ്ങളുടെ പാരായണത്തിലേയ്ക്ക് സാമൂഹപരിസ്ഥിതിവാദത്തിന്റെ നീതി ബോധത്തോടെ കടന്നു ചെല്ലാൻ ഒരു പരിധിവരെ ആളോഹരി ആനന്ദം എന്ന നോവലിനു കഴിഞ്ഞിട്ടുണ്ട്.

കാരൻ ജെ.വാരൻ സ്ത്രീകളിലും പ്രകൃതിയിലുമുള്ള പുരുഷന്റെ ആധിപത്യത്തിനെതിരെ ഒരു വിമർശന തത്ത്വവും, സ്ത്രീകളെയും പ്രകൃതിയെയുംക്കുറിച്ച് ലിംഗ കേന്ദ്രിതമല്ലാത്ത ഒരു നീതി ശാസ്ത്രവും രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്തിട്ടുണ്ട്.1 നോവലിൽ ചെറിയാൻ എന്ന കഥാപാത്രം പോളിന്റെ ഹൃദയഭൂമിയായ ഭൂമി വാതുക്കൽ എന്ന കൃഷി ഭൂമിക്കുനേരെ കണ്ണുവെയ്ക്കുന്നുണ്ട്. ഭാര്യയായ അനുവിനു നേരെ ആധിപത്യം ഉറപ്പിച്ച ചെറിയാന് സ്ത്രീയും പ്രകൃതിയും ഒരേ പോലെ ഉപഭോഗാധിഷ്ഠിതമായ വസ്തുക്കളാണ് ഭൂമിവാതുക്കൽ എന്ന ഭൂമിയെപ്പറ്റി ചെറിയാന് ചിന്തിക്കുന്നത്. "കരിങ്കല്ലിന്റെ കടലാണത് ലക്ഷങ്ങൾ കൊയ്യാം " 2 എന്നാണ്. അനുവിനെ ശരീരം എന്നതിനപ്പുറത്തേക്ക് വളർത്തി കൊണ്ടുവരാൻ ചെറിയാന് കഴിയുന്നില്ല. മണ്ണിൽ തറവാട്ടുകാരുടെ പുരുഷാധിപത്യത്തിന്റെ എല്ലാ തികവും അയാളിൽ ദർശിക്കാം. പോളാകട്ടെ ഭൂമിയെയും സ്ത്രീയെയും ഒരു പോലെ ഉർവരമാക്കാൻ കെല്പുള്ള, സാമൂഹിക നീതിബോധത്തിന്റെ അനിവാര്യത സ്വപ്നം കാണുന്ന കരുത്തുറ്റ പുരുഷന്റെ പ്രപതീകമാണ് എക്കോഫെമിനിസത്തിന്റെയും സാമൂഹ്യ പരിസ്ഥിതി വാദത്തിന്റെയും പാരിസ്ഥിതിക തലം വ്യക്തമാക്കുന്ന് നോവലാണ് ആളോഹരി ആനന്ദം.

ഫിസിക്സ് വിട്ട് കൃഷിശാസ്ത്രം പഠിക്കാൻ പോയ പോൾ പക്ഷേ അത് പൂർത്തിയാക്കിയില്ല. ഭൂമിയ്ക്ക് സ്ലോ പോയ്സൺ കൊടുക്കേണ്ടതെങ്ങനെയെന്ന് പഠിക്കാൻ പോൾ ആഗ്രഹിച്ചില്ല. അയാൾ ഭൂമി വാതുക്കൽ എന്ന കൃഷിയിടത്തിൽ കൊത്തുകയും കിളയ്ക്കുകയും ചെയ്തു. അയാൾക്കിതിന്റെ വല്ല കാര്യവുമുണ്ടോ എന്ന് ചെറിയാനെപ്പോലെ എല്ലാവരും വിചാരിക്കുന്നുണ്ട്. കൃഷികേന്ദ്രീകൃത വ്യക്തികളുടെയും സമൂഹത്തിന്റെയുംസമകാലിക പ്രതിസന്ധിയാണ് ഇവിടെ അനാവരണം ചെയ്യുന്നത്. കൃഷിയിൽ നിന്നും മണ്ണിൽ നിന്നും മനുഷ്യനെ അകറ്റുന്ന വാണിജ്യ വത്കരണത്തിന്റെയും നവ മുതലാളിത്ത വ്യവസ്ഥയുടെയും മനോഭാവം ഇവിടെ പ്രകടമാകുന്നു. ഈ യുക്തി സാധാരണക്കാരായ കൃഷിക്കാരുടെ മേൽ മുതലാളിത്ത സമൂഹം ബോധപൂർവ്വം അടിച്ചേല്പിക്കുകയും അവരിൽ നിന്ന് കൃഷി ഭൂമി ചുളുവിലയ്ക്ക് വാങ്ങി, അവരുടെ തനതായ സംസ്കാരത്തെ തകർത്ത്. പുതിയ തൊഴിൽ വാഗ്ദാനങ്ങളാൽ അമ്പരിപ്പിക്കുന്നു. ചെറിയാന്റെ ഈ വാണിജ്യ യുക്തി പോളിന്റെയടുത്തു നടക്കുന്നില്ല. എല്ലാവരാലും ഒറ്റപ്പെട്ട്. നെന് മണികൾ ചാഞ്ഞു നിൽക്കുന്ന വിളകൊയ്യാൻ തരമില്ലാതെയിരിക്കുന്ന പോൾ ചിന്തിക്കുന്നത് ലാഭ നഷ്ടങ്ങളുടെ കണക്കല്ല. "എത്ര പേർക്ക് ഉണ്ണാനുള്ള അന്നമാണതെന്ന് അയാൾ വേദനിച്ചു. എത്ര നേരോടെനെറിയോടെ ഒരു മണിപോലും പാഴാകാതെ കാത്തു സൂക്ഷിയ്ക്കേണ്ടതാണ "3 ഭൂമിയോടും അധ്വാനത്തോടും വിളവിനോടും ചെയ്ത അനീതിക്ക് പരിഹാരമെവിടെ ? എന്ന അയാളുടെ തിരിച്ചറിവ് മറ്റുള്ളവർക്ക് ഇല്ലാതെപോയി. കാർഷികവും പാരിസ്ഥിതികവുമായ ഈ തിരിച്ചറിവും നീതി ബോധവുമാണ് സാമൂഹ്യ ജിവിയെന്ന നിലയിൽ സഹജീവികളോട് കാണിക്കുന്ന സാമൂഹിക തുല്യത. ആനന്ദത്തിന്റെ തുല്യമായ ഓഹരി അയാളിൽ നിന്ന് എല്ലാവരും പങ്കുപറ്റുന്നു . പോളിന്റെ സാമൂഹിക ബന്ധം ഇരുപതുവർഷം കൂടെ താമസിച്ച തെരേസ തന്നെ തുറന്നു കാട്ടുന്നുണ്ട്. "ആരെങ്കിലും എന്തെങ്കിലും പ്രശ്നവും കൊണ്ടു വരും. അതിന് നേരം,

കാലം, സ്ഥലം, സന്ദർഭം ഒന്നും ബാധകമല്ല. പോൾ ചേട്ടൻ അവരുടെ പിന്നാലെ പോകും."4 യഥാർത്ഥ പ്രകൃതി സംരക്ഷകന് എല്ലാജീവികളെയും സ്നേഹിക്കുവാനും കൂട്ടായ്മയുടെ സന്ദേശം ഉൾക്കൊള്ളുവാനും സാധിക്കും. എന്ന ഭാരതീയമായ ദർശനത്തിലേക്കാണ് പോൾ എത്തിച്ചേരുന്നത്. "ലോകത്ത് അനീതി നിലനിന്നാൽ, അസമത്വം നിലനിന്നാൽ, ദാരിദ്ര്യവും രോഗവും അജ്ഞതയും നിലനിന്നാൽ മത്സരവും യുദ്ധവും അക്രമവും നിലനിന്നാൽ സുസ്ഥിരമായ വികസനം അസാധ്യമാകും പരിസ്ഥിതി സംരക്ഷണം അസാധ്യമാകും. ലോകത്തിൽ ഭാവി ഇരുളടഞ്ഞതാവും. അതുകൊണ്ട് തന്നെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഒരു ഭാഗമാണ് സാമൂഹ്യമായ നീതി ഉരപ്പാക്കൽ. ദുർബലരുടെ രക്ഷ ഉറപ്പാക്കൽ സമത്വത്തിലേക്കുള്ള പരിശ്രമം."5 സമത്വത്തിലേക്കുള്ള ഈ പരിശ്രമമാണ് പോളിന്റെ ഭാഗത്ത് നിന്ന് ഉണ്ടായത്. അതുകൊണ്ടാണ് തെരേസയേയും എമ്മയേയും ഇഷാനയേയും അംഗീകരിക്കുന്നത് . സമൂഹം അവഗണിക്കുന്നവരെയെല്ലാം പോൾ ചേർത്തു നിർത്തുന്നു. ഭൂമി വാതുക്കൽ എന്ന ഇടം ഇത്തരമൊരു ചേർത്തുവയ്ക്കലിന്റെ ഇടമാണ്.

ഭൂമിവാതുക്കൽ എന്ന പരിസ്ഥിതി സൗഹർദ്ദ ഇടം നോവലിസ്റ്റ് വിവരിക്കുന്നതിങ്ങനെയാണ്. "വൈക്കോൽ മേഞ്ഞ വലിയൊരു കൃഷിപ്പുരയാണത്. മുളകൊണ്ടുള്ള ജനാലകൾ. മണ്ണുതേച്ച ചുവര്. ചാണകം മെഴുകിയ തറ വീതിയുള്ള വരാന്തകൾ ഒരാൾക്ക് കഷ്ടിച്ചു കിടക്കാവുന്ന ഒരു ചൂടിക്കട്ടിൽ.

ഒരു തട്ടിക്കൂട്ട് മേശ, കസേര
രണ്ട് ബഞ്ചുകൾ
ഒരു ചെറിയ പുസ്തക അലമാര
പത്രക്കെട്ടുകൾ
ഒടുവിലത്തെ അത്താഴത്തിന്റെ ഒരു പെയിന്റിംഗ്
ചില തകരപ്പെട്ടികൾ
നിറച്ച് മൂട്ടി അട്ടിയിട്ടിട്ടുള്ള ചാക്കുകൾ

മൂലയ്ക്ക് കുന്നു കൂടിക്കിടക്കുന്ന ചേമ്പോ ചേനയോ കഴുകി കമിഴ്ത്തിയ വലിയ കുട്ടകങ്ങൾ, ചെമ്പുകൾ, ചരുവങ്ങൾ, പാൽപ്പാത്രങ്ങൾ, പണിയാധുങ്ങൾ.

കുട്ട, മുറം, പനമ്പ്, കയറ്
ഒരു സൗരോർജ്ജ വിളക്ക്
വൈക്കോൾപ്പുരയിൽ നിന്ന് അധികമകലെയല്ലാതെ തൊഴുത്തുകൾ

ചുറ്റിലും വലിയ വൈക്കോൽത്തുറുകൾ, വൈക്കോൽപ്പുരയുടെ ചുറ്റും കറിവവേപ്പുമരങ്ങളുടെ മുറ്റി ത്തഴച്ച കാടാണ് കാറ്റിന് കറിവേപ്പിലയുടെ സുഗന്ധം." 6

തെരേസയോടും രേഷ്മയോടും ഭൂമിവാതുക്കൽ താമസിച്ചു കൂടേയെന്ന് പോൾ ചോദിക്കുന്നുണ്ട്. കറിവേപ്പുമരങ്ങളുടെ കാടിനാൽ അതിരുകെട്ടപ്പെട്ട പച്ചയും പുല്ലും വെള്ളവും വിളയുമുള്ള ഒരു ചെറിയ ഇടം. സമാധാനത്തിന്റെ ഇടമാണ്. സുരക്ഷിതത്വത്തിന്റെ ഇടമാണ് എന്ന് ഭൂമി വാതുക്കൽ നിരന്തരം വായനക്കാരെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ സമാധാനത്തിന്റെ മടിത്തട്ടിലാണ് പോൾ തന്റെ ജീവിതത്തിന്റെ അധ്വാനവും ആനന്ദവും കണ്ടെത്തുന്നത് ഇവിടേക്കാണ് അനു എന്ന ഭൂമിപുത്രി പോളിനെത്തേടിയെത്തുന്നത്. തെരേസയ്ക്ക് അജ്ഞാതമായ ഈ ഇടം അനുവിന് മുൻജന്മ പരിചയത്തിന്റെ ഇടമാണ്. കൊയ്യാനറിയില്ലെന്ന് സങ്കടം പറയുന്ന അനു ഭൂമി വാതുക്കലേക്ക്

വന്നത് കൊയ്യാനാണ്. പൂർണ്ണമായ മനസ്സോടും സ്വതന്ത്രമായ ആത്മാവോടും കൂടിയാണ് ഭൂമി വാതുക്കലേക്ക് അവൾ വന്നത് ഒരു വേര് മണ്ണ് തുളച്ച് വെള്ളം തേടിയലഞ്ഞെത്തും പോലെ

"ഭൂമി വാതുക്കൽ എല്ലാം സമൃദ്ധം 7

എല്ലാ മരങ്ങളും ചെടികളും കരുത്തോടെ, കനിവോടെ പൂക്കുന്നു, കായ്ക്കുന്നു. കിണറുകളും കുളങ്ങളും നിറഞ്ഞൊഴുകുന്നു. ഇരുളും വെളിച്ചവും സമൃദ്ധമായിരിക്കുന്നു. പറവജാതികൾക്കും പ്രാണികുലങ്ങൾക്കും ഇഴ ജന്തുക്കൾക്കും ജലജന്തുക്കൾക്കും കന്നുകാലികൾക്കും ആടുമാടുകൾക്കും ആവശ്യമുള്ളത് വിളയുന്നു. അതുപോലെ മനുഷ്യർക്കും അവരവരുടെ ഓഹരി ഒരുപാടുപേർ കടന്നു വരുന്നു. അധ്വാനിയ്ക്കുന്നു. അവരവരുടെ വിഹിതം എടുക്കുന്നു.

എങ്കിലും എവിടെയോ ഒരു പോരായ്മയുണ്ട്. ഏതോ ഒരു വിള, ഒരു കിളി ഒരു പൂവ്, ഒരു മൃഗം.... എന്താണത് ? പോൾ വേദനയോടെ നെടുവീർപ്പിട്ടു. ഭൂമി വാതുക്കൽ അപൂർണ്ണമാണ്." പ്രണയം മരണത്തേക്കാൾ ശക്തമാണ് എന്നു പറഞ്ഞു കൊണ്ട് ഈ അപൂർണ്ണത അനുവിനാൽ പൂരിപ്പിക്കപ്പെടുകയാണ്.

പരിസ്ഥിതി വാദം ഏറെ ചർച്ച ചെയ്ത ജൈവകൃഷിയുടെ വക്താവാണ് പോൾ അതു കൊണ്ടാണയാൾക്ക് അഗ്രികൾച്ചർ കോഴ്സ് സാങ്കേതികമായി പൂർത്തിയാക്കാൻ കഴിയാതെ പോയത്. ഭൂമിക്ക് സ്ലോ പോയ്സൺ കൊടുക്കുന്നതെങ്ങനെയെന്നു പഠിക്കാൻ അയാൾക്കു താല്പര്യമില്ലായിരുന്നു. അയാൾ ഭൂമിക്ക് ഒരു പോറൽ പോലുമേൽക്കാതെ പാരമ്പര്യമായ കൃഷിരീതിയിലേർപ്പെട്ടു. ബന്ധു വീടുകളിൽ പോകുമ്പോൾ ഒരു പിടി കറിവേപ്പില അയാൾ കയ്യിൽ കരുതുന്നു. അയാളുടെ അമ്മ വീട്ടിൽ നിന്നും കൊണ്ടു വന്നു നട്ട പ്രാചീനമായ കറിവേപ്പിൻ തയ്യുടെ ചരിത്രം അതിനുണ്ട്. ശാസ്ത്രീയ കൃഷി രീതിയുടെ വേഗവും ചടുലതയുമൊന്നും പോളിന്റെ കൃഷിക്കില്ല. അവിടെ ക്ഷമയും കാത്തിരിപ്പു വേണം. റാഹേലമ്മായിയുടെ ഇംഗ്ലീഷ് വളം തിന്ന നിലം വരണ്ടു വെടിച്ചും കിടക്കുകയായിരുന്നു. പോൾ റാഹേലമ്മായിയെ ഏല്പിച്ച പശുക്കൾ അവരുടെ "പുല്ലുള്ള കണ്ടങ്ങളിൽ മേഞ്ഞു. നമ്പ്രാത്ത് കുന്നിന്റെ താഴ്വരയിലെ കറുകയും കുറുന്തോട്ടിയും വയറവള്ളികളും തിന്നു നടക്കുന്ന വഴികളിലൊക്കെ ചാണകമിടുകയും മൂത്രമൊഴിക്കുകയും ചെയ്തു. പിന്നീട് പോൾ അതെല്ലാം മണ്ണിൽ ഉഴുതുചേർക്കും" 8 പിന്നീട് ആട്ടിൻകാട്ടവും ചാരവും കൂട്ടിപ്പൊടിച്ച് വയലിൽ വിതറിയാണ് പോൾ നിലമൊരുക്കുന്നത്. യന്ത്രങ്ങളില്ലാതെ മനുഷ്യാധ്വനം മാത്രമാണ് പോൾ ഉപയോഗിച്ചത്. അങ്ങനെയുല്പാദിപ്പിച്ച വിളയിൽ ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും അർഹതയുണ്ട്. അവരവരുടെ ഓഹരി എല്ലാവർക്കും അർഹതയുണ്ട്. വിളവെടുപ്പുത്സവവും ആനന്ദവുമായി ഭൂമിവാതുക്കൽ കൊണ്ടാടുന്നു.

നഗരം വിഴുങ്ങുമായിരുന്ന ഭൂമിവാതുക്കൽ എന്ന ഇടത്തെ റാഹേലമ്മായിയുടെ കൃഷിഭൂമി കൂടി വാങ്ങിച്ച് സംരക്ഷിക്കുകയാണ് പോൾ. ധാരാളം വെള്ളവും മരങ്ങളും പച്ചപ്പും കുളങ്ങളും തോടുകളുംമുള്ള നമ്പ്രത്തുകുന്നിന്റെ നെറുകയി ൽ ഒരു കാടും വന്മരങ്ങളും അടിക്കാടും മാന്തോപ്പുകളുമുണ്ട്. നമ്പ്രത്തു കുന്നിന്റെ നെറുകയിലെ കിണർ വർഷകാലത്ത് കരകവിഞ്ഞൊഴുകും. നൂറുനൂറു നീർച്ചാലുകളും ഉറവകളും പൊട്ടിപ്പുറപ്പെട്ട് താഴേക്കിറങ്ങി വന്ന് കുളങ്ങളും കിണറുകളും നിയ്ക്കും. വയലിനെ ഫലഫൂയിഷ്ടമാക്കും മൺമറഞ്ഞുപോയ ഒരു കാർഷിക സംസ്കാരത്തിന്റെ അവശേഷിപ്പുകളെ നില

നിർത്തുവാനുള്ള ഒരു ശ്രമം നോവലിസ്റ്റ് നടത്തുന്നുണ്ട്. ഭൂമിവാതുക്കലിനെ വളയുന്ന നഗരത്തിൽ നിന്നും സംരക്ഷിക്കാൻ മണ്ണിൽ അധ്വാനിക്കുന്നവരുടെ ഒരു ട്രസ്റ്റ് രൂപീകരിക്കുവാനും അതിലെ നക്ഷത്രമായി മണ്ണിൽ കുടുംബക്കാരുടെ തിരസ്കൃത പുത്രനായ സാവിയോയെ ദർശിക്കാനും പോളിനും കഴിയുന്നുണ്ട്. അങ്ങനെ തിരസ്കൃതരായവരെല്ലാം ഒത്തു ചേരുന്ന ഇടമായി ഭൂമി വാതുക്കൽ പരിവർത്തനപ്പെടുന്നു. ഇവിടെ സാറാ ജോസഫിന്റെ വാക്കുകൾ അന്വർത്ഥമാകുന്നു. "സ്ത്രീകളുടെ വിമോചനശാസ്ത്രം എന്നു പറയുന്നത് ഒന്നാമത് ഭൂമിയുടെ നിലനിൽപ്പാണ്. രണ്ടാമത് ഇവിടുത്തെ മുഴുവൻ ദുർബല വിഭാഗങ്ങളുടെയും ദരിദ്രവിഭാഗങ്ങളുടെയും വിമോചനം സ്വപ്നം കാണുന്നതാണ്." 9

പ്രകൃതിയുടെയും പരിസ്ഥിതിയുടെയും ജൈവികമായ നിലനിൽപ്പ് അതിസാങ്കേതിക വിദ്യയുടെ ഇക്കാലത്ത് ബോധപൂർവ്വമായി മാത്രമേ സംഭവിക്കുകയുള്ളു. എന്തിനേയും വാണിജ്യപരമായും ഉപഭോഗപരമായും ദർശിക്കുന്ന ഇക്കാലത്ത് മനുഷ്യൻ ചില തിരിച്ചറിവുകൾ സാധ്യമാക്കിയെടുക്കേണ്ടതുണ്ട്. സാറാജോസഫ് എന്ന എഴുത്തുകാരി നിരന്തരമായി ഈ തിരിച്ചറിവുകൾ പകർന്നു കൊണ്ടേയിരിക്കുന്നു. സന്തുലിതമായ പ്രകൃതിയുടെയും പരിസ്ഥിതിയുടെയും അടിത്തറയിൽ നിന്നുകൊണ്ടേ മാനവരാശിക്ക് ശരിയായ ആനന്ദം അനുഭവിച്ചറിയാൻ പറ്റുകയുള്ളു എന്ന ആവർത്തിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ് സാറാജോസഫ് എന്ന എഴുത്തുകാരി നടത്തികൊണ്ടിരിക്കുന്നത്.

**കുറിപ്പുകൾ**

1. Karan J Warran : 1998
2. ആളോഹരി ആനന്ദം-സാറാജോസഫ്
3. ആളോഹരി ആനന്ദം-സാറജോസഫ് : 74
4. ആളോഹരി ആനന്ദം-സാറാജോസഫ് : 118
5. പരിസ്ഥിതിയും മനുഷ്യനും പ്രൊഫ.എസ്. ശിവദാസ് : 47
6. ആളോഹരി ആനന്ദം-സാറാജോസഫ് : 333
7. ആളോഹരി ആനന്ദം-സാറാജോസഫ് : 333
8. ആളോഹരി ആനന്ദം-സാററാജോസഫ് : 329
9. സാറാജോസഫ്

**സഹായഗ്രന്ഥങ്ങൾ**


1. പരിസ്ഥിതിയും സോഷ്യലിസവും- ക്രിസ് വില്യംസ്.വിവ: രതി മേനോൻ,
2. പരിസ്ഥിതി പഠനം-ഇറാച്ച് ബറുച്ച-വിവ. പ്രശാന്ത് കുമാർ. ആർ
3. ആളോഹരി ആനന്ദം-സാറജോസഫ്-കറന്റ് ബുക്സ്
4. പുതുനോവൽ വായനകൾ-എഡിറ്റർ .ജിസാ ജോസ്
5. പരിസ്ഥിതിയും മനുഷ്യനും ഫ്രൊഫ. എസ്. ശിവദാസ്



**ആശാമോൾ എ.**
ഗവേഷക,
മഹാരാജാസ് കോളേജ്
എറണാകുളം

## BASELIUS RESEARCH GUIDANCE CENTRE RESEARCH GUIDANCE COMMITTEE MEMBERS

Dr. Biju Thomas (Principal)
Dr. Jalaja J. Malayan (Dept. of Chemistry)
Dr. Jyothilol P. (Dept. of English)
} Conveners

Fr. Dr. Thomson Robi (History)
Dr. Nibu A. George (Physics)
Dr. Rejitha V. (Zoology)
Ms. Resmi Annie Thomas (Commerce)
Dr. Joy Markose (Bursar)
Dr. Shyla Abraham (Malayalam)
Dr. Annie Cherian (Statistics)
Dr. Suma Bino Thomas (Chemistry)
Dr. Anisha Mary Mathew (Physics)
Dr. Shaju M. J. (Economics)
Dr. Priya Thambi T (Chemistry)
Dr. Ambika D. (Physics)
Dr. Misha Hari (Physics)
Dr. Sindhu Jones (Physics)
Dr. Geethalakshimi K. (Botany)
Dr. Krishnaraj M. V. (Botany)
Dr. Sajish P. R. (Botany)
Dr. Selvi Xavier (Malayalam)
Dr. Aparna Thankappan (Physics)
Dr. Jintha Thomas (Chemistry)

**Retired Faculty Serving as Research Guides* of Mahatma Gandhi University***

Dr. V. Mathew Kurien (Dept. of Economics)
Dr. Susan Panicker (Dept. of Zoology)
Dr. Daisy Joseph (Dept. of Chemistry)
Dr. P. V. Viswanathan Nampoothiri (Dept. of Sanskrit)
Dr. Annie Margret
Dr. V. Alexander Raju
Dr. Verghese Leena (Centre of Research in English, Baselius College, Kottayam)
Dr. J. Nalini (Commerce)

**Research News**

Three Centres of Research:

1. Postgraduate Department of English: Guides - 4
   Dr. Latha Merina Varghese, Dr. Jyothimol P.
2. Postgraduate Department of Physics: Guides - 2
   Dr. Nibu A. George, Dr. Misha Hari
3. Postgraduate Department of Chemistry: Guides - 2
   Dr. Suma Bino Thomas, Dr. Jalaja J. Malayan
4. Fr. Dr. Thomson Robi (Department of History - Research Guide)

# BASELIUS RESEARCHER ISSN 0975-8658

# COPY RIGHT AGREEMENT FORM

All authors and co-authors must complete and sign on this copy for and submit along with the hardcopy, softcopy of the paper & publication fees to **The Editor, Baselius Researcher, Baselius College, Kottayam, Kerala, India - 686 001.**

**I / We, .......................................................................... ..............................................................**
**[author (s) name], the copyright owner / owners of the article.**

Title " ........................................................................" do hereby authorize you to publish the above said article/research paper in Baselius Researcher.

**I/ WE FURTHER STATE THAT:**

1) The article is my/our original contribution and has not been plagiarised/copied from any source/individual. It does not contravene on the rights of others and does not contain any libellous or unlawful statements and all references have been duly acknowledged at the appropriate places.
2) The article submitted only to **Baselius Researcher** and it has not been previously published or submitted elsewhere for publication in a copyrighted publication.
3) I / We hereby authorize you to edit, alter, modify and make changes in the article/ research paper to make it suitable for publication in **Baselius Researcher**.
4) I / We hereby assign all the copyrights relating to the said article/research paper to **Baselius Researcher**.
5) I / We have not assigned any kind of rights of the above said article/research paper to any other person/institute/publication.
6) I / We agree to identity **Baselius Researcher** against any claim legal/or otherwise, action alleging facts which if true, constitute a breach of any of the foregoing warranties.

First author Name: ................................ Second Author: .............................. Third Author: ..............................

Signature: ............................................ Signature: ..................................... Signature: ....................................

Date: ................................

## Referee's Report

Kindly Note: The referee should have at least 10 to 15 years of experience with doctoral degree in the subject area.

Title of the Paper ..............................................................................................................

Major Highlights of the paper ..............................................................................................

.....................................................................................................................................

Critical Remarks: ...............................................................................................................

(Criticla Remarks to be based on Language, analysis, scope of the study, objectives, findings, recommendations and references)

I recommend the paper for publication: Yes No

Name of the Referee: ..........................................................................................................

Teaching Exp ................................................ Institute / Dept ...........................................

University ........................................... Contact No ...........................................................

Sign with date: ............................................................................................

---

## Referee's Report

Kindly Note: The referee should have at least 10 to 15 years of experience with doctoral degree in the subject area.

Title of the Paper ..............................................................................................................

Major Highlights of the paper ..............................................................................................

.....................................................................................................................................

Critical Remarks: ...............................................................................................................

(Criticla Remarks to be based on Language, analysis, scope of the study, objectives, findings, recommendations and references)

I recommend the paper for publication: Yes No

Name of the Referee: ..........................................................................................................

Teaching Exp ................................................... Institute / Dept ..........................................

University ............................................................ Contact No ..............................................

Sign with date: ............................................................................................

My / Our research paper / article is original and not copied from any source and wherever required I/ We have sighted the proper reference. Further, I / We shall be fully responsible for any discrepancy whatsoever arises.

Author Name(s): ................................ Author Signature(s) ..................................................

**BASELIUS RESEARCHER ISSN 0975-8658**

*A Biannual International Journal of Interdisciplinary Studies and Research*

## Guidelines for Authors

**Baselius Researcher** is a biannual journal published by the Principal, Baselius College, Kottayam on behalf of Baselius Research Guidance Centre, Baselius College, Kottayam. It aims at promoting research activities in the sciences, arts and humanities. As a journal of interdisciplinary studies, it intends to cater to the needs of all who are committed to the cause of higher learning.

Manuscripts of articles offered for publication should be neatly typed in double space on one side of the paper with a margin of at least one and a half inches. References and bibliography should follow the current MLA stylesheer or any other internationally accepted format. References should appear alphabetically at the end of the paper. Follow the reference citation strictly in accordance to the following examples.

**Book: Alexander, G. K., *A model for the commodity price system analysis*, Himalaya Publication, New Delhi, 2005, pp. 120-125**

**Journal Articles: Campbell, W. H. *'Nitrate reductase and its role in nitrate assimilation in plants'.* Physiol plant, 1988, 74; 214-219**

The soft copy together with its hardcounterpart should be sent to the Editor, Baselius Researcher, Baselius College, Kottayam, Kerala - 686 001, India or emailed to baseliusresearcher@gmail.com. **Attach copyright agreement form duly signed by all the authors (find the format in the Journal) Two Referees report (Find the format in the Journal). Rs. 1000/- will be charged for each article towards publication expenses. Kindly send publication fees in Demand Draft / Cheque at par, in favour of Principal, Baselius College, Kottayam - Publisher of Baselius Researcher.**

Articles in this journal do not necessarily reflect the views or policies of the Principal / Baselius Research Guidance Centre, Baselius College, Kottayam. The annual subscription of the Journal is Rs. 1000/- Baselius Researcher is published in January and July every year.

For Further details, please contact,

The Editor, Baselius Researcher

The Editorial Office,

Baselius Research and Guidance Centre

Baselius College, Kottayam, Kerala - 686 001, India

Telephone: 0091-481-2563918, 2565958, 2304408.

Fax: 0091-481-2565958

Email: principal@baselius.ac.in, principalbaselius@gmail.com

web: www.baselius.ac.in

BASELIUS RESEARCHER
A BIANNUAL JOURNAL OF INTERDISCIPLINARY STUDIES AND RESEARCH

# CONTENTS


1 **Voicing The Voiceless : Feminist Reading of Hosseini's** ***A Thousand Splendid Suns***

Meera Prasannan 89

2. **Studies on the Surface Tension of different Solutions and its Application**

Jalaja J.Malayan, Athulya Abraham and Pankaj O. 97

3. **Sacred Groves and Nature Conservation**

Mithy K. M. 107

4. **Ripples: Symbolism in *The Bell Jar*, an exploration of the entangled psyche of Sylvia Plath**

Aswathy Krishna 110

5. **Goods and Service Tax-An Introduction to Beginners**

Bhagyasree R. 121

6. **Phenomenology of Personal Freedom: Analysis of Indian Constitution Giving Special Reference to Recent Developments**

Vishnu N. 127

7. **അഞ്ഞൂറ്റിക്കാരുടെ ഗാനകലകൾ**

നിർമ്മല പി. ആർ. 130

8. **മോക്ഷതൃഷ്ണയുടെ കലാമുദ്രകൾ യൂസഫലി കേച്ചേരിയുടെ ഗാനങ്ങളിൽ**

നയൻതാര സിബി 134

9. **Phytochemical and Antioxidant activity of *Cocciniagrandis* Raw and Ripe Fruits**

PriyaThambi T and Sukanya Joseph 142

10. **സ്വത്വാന്വേഷണത്തിന്റെ പാശ്ചാത്യവും പൗരസ്ത്യവുമായ തലങ്ങൾ - ഖസാക്കിന്റെ ഇതിഹാസത്തിൽ**

ഡോ. ഷൈല എബ്രഹാം 155

11. **ആനന്ദത്തിന്റെ പാരിസ്ഥിതിക തലം**

ആശാമോൾ എ. 164


Printed and Published by Dr. Jancey Thomas, Principal for Baselius College, Kottayam
at Dona Colour Graphs, Ktm. Ph: 2562008. Editors: Dr. Jalaja J. Malayan & Dr. Jyothimol P.